25 years

Kandanad

Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 6 No. 9, 15 September 2018

എഡിറ്റോറിയൽ

# തെറ്റു തിരുത്തുന്നത് മനുഷ്യന്റെ മാന്യത

കഴിഞ്ഞ ഏപ്രിൽ മാസത്തിന്റെ ആദ്യ പകുതിയിൽ മലങ്കര സഭയുടെ മിക്ക ഇടവകകളിലും വെക്കേഷൻ ബൈബിൾ സ്കൂൾ (V.B.S) നടത്തുകയുണ്ടായല്ലോ. വി.ബി.എസ് ആരംഭിച്ചതിനു മുമ്പു തന്നെ അതിന് ആവശ്യമായ അദ്ധ്യാപകർക്കുള്ള കൈപുസ്തകം (Teachers' Hand Book) ഉൾപ്പെടെ എല്ലാ അച്ചടിച്ച സാധനങ്ങളും യഥാസമയം വി. ബി.എസ്. സെന്ററുകളിൽ എത്തിച്ചിരുന്നു. വിവിധ വിഭാഗങ്ങൾക്കു വേണ്ടിയുള്ള കൈപുസ്തകങ്ങളുടെ ഒരു 'സെറ്റ്' എന്റെ പക്കലും വന്നുചേർന്നു. ഒരു പൂർവ്വാദ്ധ്യപകനായ എനിക്ക് അതിലൂടെയൊന്നു കണ്ണോടിക്കാതിരിക്കാൻ കഴിഞ്ഞില്ല. കേവലമായ ശീലവും ജിജ്ഞാസയുമാണ് അതിനെന്നെ പ്രേരിപ്പിച്ചത്. വായിച്ചതിനിടയിൽ അനേക അക്ഷരത്തെറ്റുകളും മറ്റു പിശകുകളും എന്റെ കണ്ണിൽപ്പെട്ടു. വെറും അച്ചടിപ്പിശകുകൾ (Printing errors) എന്ന വിഭാഗത്തിൽ പെടുന്ന തെറ്റുകൾ മാത്രമായിരുന്നില്ല അവയിൽ പലതും. എനിക്കേറെ സങ്കടം തോന്നി. കാരണം, ഇത്തരം അച്ചടിച്ച അബദ്ധങ്ങൾ അവിദഗ്ദ്ധരായ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും എത്തിപ്പെടുന്നതുമൂലമുണ്ടാകുന്ന ദോഷഫലത്തെക്കുറിച്ച് തികഞ്ഞ ബോധം എനിക്കുണ്ട്. ഈ കൈപുസ്തകങ്ങളുടെ ആദ്യഭാഗത്ത് അവ തയ്യാറാക്കിയ വിദഗ്ദ്ധ സമിതിയിലെ പ്രമുഖരുടെ പേരുകളും അവരിൽ ചിലരുടെ ഫോൺ നമ്പറുകളും ചേർത്തിട്ടുണ്ടായിരുന്നു. പെട്ടെന്നൊരു ദുർബ്ബല നിമിഷത്തിൽ ഞാനതു ചെയ്തുപോയി. അവരിൽ പ്രധാനിയെന്ന് എനിക്കുതോന്നിയ ഒരാളെ ഞാൻ ഫോണിൽ വിളിച്ച്, തമ്മിൽ പരിചയമില്ലാത്ത ഒരാളാണെന്ന ആമുഖത്തോടെ സൗമ്യമായി കാര്യം അവതരിപ്പിച്ചു. ഞാൻ പറഞ്ഞുതീരുന്നതിനുമുമ്പുതന്നെ കടുത്ത ശബ്ദത്തിൽ ഒരു ചോദ്യം മറുതലയ്ക്കൽ നിന്നുണ്ടായതുകേട്ട് ഞാൻ ഞെട്ടി."നിങ്ങൾ അവയിൽ എന്തെങ്കിലും നല്ലതൊ, ശരിയൊ കണ്ടോ?" "ക്ഷമിക്കണം സാർ, അടുത്ത എഡിഷനിലെങ്കിലും ആ തെറ്റുകൾ തിരുത്താമല്ലോ എന്നു കരുതി പറഞ്ഞുപോയതാണ് സാർ" ഞാൻ യാചനാരൂപത്തിൽ പ്രതിവചിച്ചു. "നിങ്ങളെപ്പോലെ അനേകരെ കണ്ടിട്ടുള്ളവനാണ് ഞാൻ. നിങ്ങളൊക്കെ ഒന്നിലും നന്മ കാണില്ല, തെറ്റു കണ്ടുപിടിച്ച് ചോദ്യം ചെയ്യും. കുറ്റം പറയാനല്ലാതെ ഒന്നിനും കൊള്ളാത്തവർ." ഞാൻ ഫോൺ താഴെ വയ്ക്കുമ്പോഴും അദ്ദേഹം ശകാരം തുടരുന്നുണ്ടായിരുന്നു.

കർത്താവിന്റെ മുന്തിരിത്തോപ്പിലെ ഒരു വേലക്കാരനെയാണ് ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്തിയത്. പേരിന് മുമ്പ് 'ഡോ.' ഉള്ള വിദ്യാധനൻ. വേണ്ടത്ര വേതനവും സഹകരണവും പ്രോത്സാഹനവും ലഭിക്കാത്തതിനാലാണോ, എന്തുകൊണ്ടെന്നറിയില്ലാ സഭാപ്രവർത്തകർ ഒട്ടേറെ അങ്ങനെയാണ്. സഹിഷ്ണുത ഒട്ടുമില്ല. ശുണ്ഠി മൂക്കത്തും, അസാധാരണ ദാസ്യത്വം ഉള്ളവർക്കേ ഒത്തുപോകാനാവൂ.

നമ്മുടെ പ്രാർത്ഥന-കുർബ്ബാന ക്രമങ്ങളിൽ അപൂർവ്വമായെങ്കിലും കാണുന്ന സ്ഖലിതങ്ങൾ ഈ പ്രസിദ്ധീകരണം വഴി സഭാംഗങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. പല പള്ളികളിലും

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**തെറ്റു തിരുത്തുന്നത് മനുഷ്യന്റെ മാന്യത** ..... 1

**പരീക്ഷയിലേക്ക് നയിക്കലും ദുഷ്ടനിൽനിന്നുള്ള സംരക്ഷണവും-2** ..... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**യുവാക്കളോട് വീണ്ടും** ..... 6
ഫാ. എ.എം. ഉലഹന്നാൻ

**കൗമാരത്തിന് കരുതലിന്റെ കുട ചൂടിക്കാം** ..... 9
ബിന്ദു പി. എബ്രഹാം

**നിധി** ..... 11
ജോയി മേക്കോട്ടിൽ

**നന്മയാൽ തിന്മയെ ജയിക്കുക** ..... 13
ഫാ. ഡോ. രാജൻ ജോർജ്

**തങ്കപ്പെട്ട അമ്മമാർ ബൈബിളിൽ** ..... 15
ഫാ. അഗസ്റ്റിൻ നടുവിലേക്കൂറ്റ്

**വാർത്തകൾ-അറിയിപ്പുകൾ** ..... 16


വി.കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ ഈ തിരുത്തലുകൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് ഞാൻ ശ്രദ്ധിക്കാറുമുണ്ട്. ഇതുവരെ അനുകൂലമായ ഒരനുഭവം ഉണ്ടായിട്ടില്ല. ഉണ്ടാകുമെന്നുള്ള പ്രതീക്ഷയിലാണിന്നും. ഇക്കാര്യം ഒരു വിശ്വാസിയുമായി പങ്കുവെച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഭേഷ് ആയിരുന്നു. "ഇതുവരെ പഴയപടി പ്രാർത്ഥിച്ചവരെല്ലാം നരകത്തിൽ പോകുമോ? അങ്ങനെയെങ്കിൽ ഞാനും പൊയ്ക്കോട്ടെ!" നോക്കണേ, ശീലിച്ച തെറ്റുതിരുത്താൻ മനുഷ്യന്റെ മടി!

ആണും പെണ്ണും തിരിച്ചറിയാതിരുന്നാൽ വലിയ കുഴപ്പമല്ലേ? എന്നാൽ അങ്ങനെയുള്ളവർ നമുക്കിടയിൽ ധാരാളമുണ്ട്. സൂത്താറാ പ്രാർത്ഥനയോടനുബന്ധിച്ച് 'മാർ അപ്രേമിന്റെ മെമ്രാ' നാമൊക്കെ ചൊല്ലാറുണ്ടല്ലോ. അതിലെ ഒരു യാചന ഇതാണ്.

'മായകൾ ദുസ്വപ്നാദികൾ നിൻ
ദാസനു കാണാറാകരുതേ'

ആരാണ് ഈ 'ദാസൻ'. ഇതു ചൊല്ലുന്ന ആൾ തന്നെ. 'നിൻ ദാസന്' എന്ന് ഇവിടെ പറയുന്നത് 'എനിക്ക്' എന്ന അർത്ഥത്തിലാണ്. പ്രാർത്ഥന ചൊല്ലുന്നയാൾ സ്ത്രീയാണെങ്കിലോ? 'ദാസന്' എന്നത് 'ദാസിക്ക്' എന്ന് മാറ്റണം. അപ്പോൾ വൃത്തഭംഗമുണ്ടാകും. അതുമാറ്റാൻ 'ദാസിക്കുണ്ടായീടരുതേ' എന്ന് ആ വരിമൊത്തമായി മാറ്റാം. ഈ ഭാഗം പഴയപടി എന്റെ ഭാര്യ പതിവായി ചൊല്ലുന്നത് ഞാൻ കേൾക്കാറുണ്ട്. അവളുടെ യുക്തി അവളങ്ങനെ ചൊല്ലുന്നത് അവളുടെ ഭർത്താവിനുവേണ്ടിയാണെന്നാണ്. അപ്പോൾ അവൾക്കു വേണ്ടി പ്രാർത്ഥിക്കേണ്ട ഞാനാണല്ലോ മേൽപറഞ്ഞവിധം മാറ്റേണ്ടത്! എന്നാൽ ആ മാറ്റം വി. അപ്രേം അംഗീകരിക്കുമൊ എന്നറിയില്ല. ഇത്തരമൊരു തെറ്റ് വി. കുർബ്ബാന സ്വീകരണത്തിനു മുമ്പും സ്ത്രീപക്ഷത്തുനിന്നു കേൾക്കാറുണ്ട്. ശുശ്രൂഷക്കാരൻ ഇപ്രകാരം ചൊല്ലിത്തരും "എന്റെ കർത്താവേ, നിന്നെ ഭക്ഷിപ്പാൻ എന്നെ യോഗ്യനാക്കണമേ." സ്ത്രീകളുൾപ്പെടെ എല്ലാവരും അത് അതേപടി ഏറ്റുചൊല്ലും. സ്ത്രീകൾ 'യോഗ്യയാക്കണമേ' എന്നു തിരുത്തിച്ചൊല്ലാൻ വേണ്ടപ്പെട്ടവർ പറഞ്ഞുകൊടുക്കാറുമില്ല!

സന്ധ്യാപ്രാർത്ഥനയിൽ മറ്റൊരുതെറ്റ് എല്ലാവരും വരുത്തുന്നുണ്ട്. അവിടെ നാം ഇങ്ങനെ ചൊല്ലുന്നു. "എന്റെ ഹൃദയം ഒരു ദുഷ്ക്കാര്യത്തിനും ചായാതെയും ഞാൻ അന്യായ ക്രിയകൾ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്ക് കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് കാവൽക്കാരനെയും നിയമിക്കണമേ". ഹൃദയം ദുഷ്കാര്യത്തിന് ചായുന്നതും, അന്യായ ക്രിയകൾ പ്രവർത്തിക്കുന്നതും വായും അധരങ്ങളും കൊണ്ടല്ലല്ലോ. നാറ്റം തട്ടാതിരിക്കാൻ കണ്ണുകൾ

*(ശേഷം 12-ാം പേജിൽ)*

വേദവിചാരം

# പരീക്ഷയിലേക്ക് നയിക്കലും ദുഷ്ടനിൽനിന്നുള്ള സംരക്ഷണവും-2

ഡോ: തോമസ് അത്താനാസ്യോസ്

'ദുഷ്ടനിൽ നിന്നു ഞങ്ങളെ സംരക്ഷിച്ചു കൊള്ളണമെ' എന്ന അപേക്ഷയോടെയാണ് കർത്തൃ പ്രാർത്ഥനയിലെ യാചനകൾ സമാപിക്കുന്നത്. പുതിയ നിയമത്തിന്റെ മൂല ഭാഷയായ 'ഗ്രീക്കി'ൽ apo tou poreirou എന്ന് കർത്തൃപ്രാർത്ഥനയുടെ അവസാന ഭാഗത്തുള്ള ഈ വാക്യം ദുഷ്ടനിൽ നിന്ന് (from the Evil One) എന്നോ, ദുഷ്ടതയിൽ (from evil) എന്നൊ ഭാഷാന്തരം ചെയ്യാവുന്നതാണ്. പുതിയ നിയമ (New Testament) ത്തിന്റെ ആധുനിക പരിഭാഷകളെല്ലാം തന്നെ ഈ രണ്ട് അർത്ഥ സാധ്യതകളും നൽകുന്നുണ്ട്. അതുകൊണ്ട് അവ രണ്ടും അധികാരികമാണ്.

ആദിമ ക്രൈസ്തവ സഭ നേരിട്ട ഭീഷണികളും പീഡനങ്ങളും പിശാചുമൂലമുണ്ടാവയായിരുന്നു എന്ന ചിന്തയാണ് അന്ന് നിലവിലുണ്ടായിരുന്നത്. വെളിപാടു പുസ്തകം 12,13 എന്നീ അധ്യായങ്ങളിൽ കടലിൽ നിന്ന് ഉയർന്നു വരുന്ന ദുഷ്ടമൃഗത്തെക്കുറിച്ചുള്ള പരാമർശം ഉണ്ട്. അതിൽ നിന്ന് വിശ്വാസി സമൂഹത്തിന്റെ രക്ഷപെടലിനെപറ്റിയുള്ള സൂചനയും കാണാം. ദുഷ്ടമൃഗം റോമൻ സാമ്രാജ്യശക്തി അഥവാ ഭരണസംവിധാനത്തിന്റെ പ്രതീകമാണ്. ദൈവരാജ്യത്തിനും സുവിശേഷ സമൂഹത്തിനും എതിരെ ഉയരുന്ന പീഡന-മർദ്ദന സംവിധാനങ്ങൾ തുടങ്ങിയവയുടെ പ്രഭവസ്ഥാനം 'ദുഷ്ടൻ' അഥവാ പിശാചാണ്. അതുകൊണ്ട് പ്രാഥമികമായി ഈ ദുരനുഭവങ്ങളെ ദുഷ്ടന്റെ പരീക്ഷകളായി കണക്കാക്കാവുന്നതാണ്. അതുപോലെതന്നെ പിശാചിന്റെ പ്രവർത്തനഫലമായി ലോകത്ത് വ്യാപിക്കുന്ന അനീതി, അക്രമം, പ്രലോഭനങ്ങൾ എന്നിവയെല്ലാം തിന്മയുടെ പ്രതിരൂപങ്ങൾ തന്നെയാണ്. അവയുടെയെല്ലാം സാന്നിധ്യത്തിൽ അവയിൽ നിന്നുള്ള ദൈവിക സംരക്ഷണം ഈ പ്രാർത്ഥനയുടെ ലക്ഷ്യമാണ്. ദുഷ്ടനായ പിശാചിന്റെ സകലവിധ നിഷിദ്ധ വ്യാപാരങ്ങളിൽ നിന്നും ഉള്ള കാവലും വിടുതലും സിദ്ധിക്കുവാൻ ദൈവീക ഇടപെടലിനുള്ള അഭ്യർത്ഥനയായി ഇതിനെ കാണാവുന്നതാണ്.

റോമൻ സാമ്രാജ്യത്തിന്റെ നിലനിന്നിരുന്ന 'ചക്രവർത്തി പൂജ' (emperor cult) വിശ്വാസികൾക്ക് എതിരെ ഉയർത്തിയ ഭീഷണി ചെറുതായിരുന്നില്ല. ഇത് അവരെ ഉന്മൂലനം ചെയ്യുവാനായി പിശാച് ഒരുക്കിയ പദ്ധതിയായി തിരിച്ചറിഞ്ഞുകൊണ്ട് ആയിരുന്നു അവർ ഈ പ്രാർത്ഥനഭാഗം ചൊല്ലിയിരുന്നത്. ഇതിനു സമാനമായി ഇന്നത്തെ ലോകത്ത് ശക്തിയാർജ്ജിക്കുന്ന മൂലധന ശക്തികൾ (market-forces) മനുഷ്യത്വ രഹിതമായ ചൂഷണരീതി, ഇവ കരുത്തേറിയ ഭീഷണി തന്നെയാണ് ഉയർത്തുന്നത് എന്നത് തിരിച്ചറിയേണ്ട കാര്യമാണ്. നീതിബോധമുള്ളവർക്കും, മൂലധനം, ശാസ്ത്ര-സാങ്കേതിക വിദ്യകൾ സ്വന്തമായില്ലാത്തവർക്കും ഇന്നത്തെ സാമ്പത്തിക, സാമൂഹിക സംവിധാനങ്ങളിൽ ഇടമില്ലാതായിരിക്കുന്നു. അന്നത്തെ 'കൈസർ കൾട്ട്' ഇന്ന് പുതിയ മുഖം കൈക്കൊണ്ടിരിക്കുന്നു. മനുഷ്യത്വമില്ലാത്ത പുതിയ സംവിധാനങ്ങളുടെ സ്വാധീനത്തിൽ നീതി, ന്യായം തുടങ്ങിയ മൂല്യങ്ങൾക്ക് വിലയിടിയുന്നു. സ്വാർത്ഥതയ്ക്ക് കൂട്ടുനില്ക്കുന്ന ദൈവസങ്കല്പമാണ് സഭയിൽ പോലും നിലനില്ക്കുന്നത്. ഈ സംവിധാനങ്ങൾ രൂപം കൊണ്ടത് പിശാചിന്റെ ആസൂത്രണത്തിലാണ് എന്ന ചിന്തപോലും ശക്തിപ്പെടുന്നില്ല. മനുഷ്യൻ ഭൗതികതയിലേക്കും ദൈവ-സഹോദര അവഗണനയിലേക്കും നീങ്ങുന്നത് തിന്മയുടെ മൂർത്തഭാവമാണ് എന്നു കാണാൻ കഴിഞ്ഞാലേ ഈ പ്രാർത്ഥനയുടെ പൊരുൾ തിരിച്ചറിയാനാവൂ. ഭൗതിക ജീവിതാസക്തികളും ധാർമ്മിക നിഷേധവും തിന്മയോടുള്ള മമതയും മനുഷ്യനെ നാശത്തിലെത്തിക്കുമെന്ന ചിന്തപോലും ഇല്ലാതാകുന്നു. ഈ അസ്വസ്ഥതയിലേക്ക് ലോകത്തെ നയിക്കുന്ന ലോക വീക്ഷണം, പ്രത്യയശാസ്ത്രം, മുതലായവയൊന്നും സഭാനേതാക്കളുടെ പോലും ബോധത്തിൽ തെളിയുന്നില്ല. ഇവയുടെയെല്ലാം കുത്തൊഴുക്കിൽ ദൈവവും ആരാധനയും ധാർമ്മിക മൂല്യങ്ങളുമെല്ലാം നിരർത്ഥകവും മിഥ്യയുമായി മാറുന്നു. ദൈവത്തെ നഷ്ടപ്പെടുന്ന സാമൂഹികത നമ്മെത്തന്നെയാണ് നഷ്ടമാക്കുന്നത്. മാത്രമല്ല, നാം ദുഷ്ടന്റെ പടിയിൽ അമരുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ദുഷ്ടനിൽ നിന്ന് മോചനം നേടി ക്രിസ്തുബന്ധത്തിൽ നിലനില്ക്കുവാനായി ഹൃദയത്തിൽ നിന്നുയരുന്ന ആത്മരോദനമായി ഈ പ്രാർത്ഥനാഭാഗം പരി

ണമിക്കേണ്ടതാണ്. നാംകൂടെ ഭാഗമായ രാഷ്ട്രീയ- ഭരണ-സാമ്പത്തിക-സാംസ്കാരിക ഘടനകളെല്ലാം ദുഷ്ടതയുടെ സ്വാധീനത്തിലാകുന്ന സാഹചര്യത്തിൽ ഇവയുടെ രൂപാന്തരണത്തിനും മനുഷ്യന്റെ വിമോചനത്തിനുമായി അവയെ തടയുവാനുള്ള ദൈവ ഇടപെടലിന്റെയും കൃപയുടെയും ആവശ്യം എത്രയോ പ്രധാനമാണ്. അതുകൊണ്ട് ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന തിന്മയുടെ ഘടനകൾ (evil structures) അവയുമായി ബന്ധപ്പെട്ടു നിലനില്ക്കുന്ന അനീതി-ചൂഷണ-അടിച്ചമർത്തൽ അനുഭവങ്ങൾ ഇവയുടെ മധ്യത്തിൽ ഈ പ്രാർത്ഥന ദുഷ്ടതയുടെ അപ്രതിരോധ്യഭാവത്തെ ഓർമ്മിപ്പിക്കുന്നു എന്നത് മറക്കാനാവില്ല. ഇതിൽ നിന്നുള്ള വിടുതൽ മനുഷ്യവംശത്തിന്റെ അർത്ഥവത്തായ നിലനില്പിന് എത്രയോ ആവശ്യമാണ്!

എന്നാൽ പിശാചും തിന്മനിറഞ്ഞ ഘടന-സംവിധാനങ്ങളും മാത്രമല്ല തിന്മയുടെ പ്രതീകങ്ങൾ ആവുക. വ്യക്തികളും ദുഷ്ട പ്രവർത്തനങ്ങളുടെ മാധ്യമങ്ങൾ ആകുകയാണെന്ന് പറയേണ്ടിവരുന്നു. തിന്മ കുടിയിരിക്കുന്നവർ ദുഷ്ടതയുടെ ചട്ടുകങ്ങളായി മാറുന്നത് എല്ലാ മേഖലകളിലെയും കാഴ്ചയാണ്. തിന്മയുടെ പ്രത്യയ ശാസ്ത്രപ്രകാരം പ്രവർത്തിക്കുന്ന വ്യക്തികൾ സമൂഹത്തെ നയിക്കുന്നത് അവരെ എവിടെവരെ കൊണ്ടെത്തിക്കുമെന്ന ചിന്തപോലും ജനത്തിനില്ലാതായി. രാഷ്ട്രീയ-മത-സാമൂഹിക നേതൃത്വങ്ങളിലുള്ളവർക്ക് ലഭ്യമായ അംഗീകാരം മുതലെടുത്ത് അവർ സമൂഹത്തെ ആപത്തിലേക്ക് നയിക്കുന്നു. സ്വാർത്ഥതയും ചൂഷണവും ലാഭചിന്തയും മാത്രം കൊണ്ട് മനസ്സുനിറഞ്ഞിരിക്കുന്ന അണികൾ ഇവറ്റകൾക്കെതിരെ പ്രതികരിക്കാൻ തയ്യാറാകുന്നില്ല. അഴിമതിക്കാർ ഭരണതലത്തിൽ വരുന്നതാണ് ലാഭേച്ഛകർക്ക് പഥ്യം. അഴിമതിയിലൂടെ മാത്രമേ ഭരണത്തിൽ കടന്നുകൂടാനാവൂ എന്ന അവസ്ഥയാണ് സംജാതമായിരിക്കുന്നത്.

തിന്മനിറഞ്ഞ ആശയങ്ങളുടെ സ്വാധീനശക്തിയും അവരുടെ അപ്രതിരോധ്യതയും ക്രിസ്തു ചൂണ്ടിക്കാണിക്കുന്നു. 'അല്പം പുളിച്ച മാവ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു' എന്ന് ക്രിസ്തു മുന്നറിയിപ്പു നൽകുന്നു. സമുദായ നേതാക്കളുടെ ആശയങ്ങൾ ആലോചനയൊ വിമർശനമോ കൂടാതെ വെട്ടിവിഴുങ്ങുന്നതിന്റെ പ്രത്യാഘാതമാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. നാസി-ഫാസിസ്റ്റ് ആശയങ്ങൾ എല്ലാം മത-ആത്മിക ചിന്തകൾ പോലെയാണ് അന്ന് സ്വീകരിക്കപ്പെട്ടത്. അതുപോലെ ഇന്നും വിവേചനമില്ലാതെ തിന്മയുടെ ആശയങ്ങൾ സ്വീകരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. ദു:ഷ്ടതയുടെ വിപുലീകരണം തിരിച്ചറിയപ്പെടേണ്ട വസ്തുതയാണ്.

തിന്മയുടെ സ്വാധീനമേഖല സാർവ്വത്രികമാണ്. മതപ്രസ്ഥാനങ്ങളും സഭയും പോലും ഇതിൽ നിന്ന് മുക്തമല്ല. ഇവയെല്ലാം തിന്മയിൽ നിന്ന് മനുഷ്യന്റെ വിടുതൽ അന്വേഷിക്കേണ്ട പ്രസ്ഥാനങ്ങളാണ്. ഇവയും ഇവയുടെ സാരഥികളുമെല്ലാം തിന്മയുടെ കുടിയിരിപ്പു കേന്ദ്രങ്ങളാകുന്ന ദു:സ്ഥിതിയാണിന്ന്. മുഖം മിനുക്കുന്നതിനു വേണ്ടി ചില കാരുണ്യ പ്രവർത്തനങ്ങളും മനുഷ്യനെ വിഡ്ഢി ആക്കിക്കൊണ്ട് വിലകുറഞ്ഞ ചില പരസ്യദീനാനുകമ്പ പ്രകടനവുമൊക്കെ നടത്തി അതിന്റെ പിറകിൽ തിന്മയുടെ അവതാരങ്ങളായി മാറുകയാണ്. സഭാജീവിതവും സഭാദൗത്യവും തമ്മിൽ ബന്ധമില്ലാതാകുന്നു. പൊടിക്കൈകൾ കാട്ടി ജനശ്രദ്ധ പിടിച്ചുപറ്റി അതിന്റെ പിന്നാമ്പുറത്ത് അടിച്ചമർത്തലും അഴിമതികളും വ്യാപകമാക്കുന്നു. വിമർശനങ്ങൾ ഉയരാതിരിക്കുവാൻ തന്ത്രങ്ങൾ മെനയുന്നു. ചെറുത്തുനില്പിന് ആളില്ലാതാകാൻ കൂലിപ്പടയേയും പാർശ്വവർത്തികളേയും സംഘടിപ്പിക്കുന്നു. പോരാട്ടവീര്യമുള്ളവർക്കുപോലും സംഘടിത മുന്നേറ്റങ്ങൾക്കു മുൻപിൽ അടിപതറുന്നു. തുറന്ന മനസ്സോടെ നന്മയും ദൈവഹിതവും സഭയുടെ ഭാവിയും ആലോചിക്കേണ്ട സമിതികൾ ബദൽ ശബ്ദം ഉയരാതെ പാർശ്വവർത്തികളെ സജ്ജമാക്കുന്നു. എന്തെങ്കിലും വിമത ശബ്ദങ്ങൾ ഉണ്ടാക്കാതെ ക്രമീകരണങ്ങൾ നടത്തുന്നു. സ്വതന്ത്ര ബുദ്ധിയുള്ളവർ ആവശ്യമില്ലാതാകുന്നു. ക്രിമിനലുകളും പാർശ്വവർത്തികളും ചേർന്ന് വേദി കയ്യടക്കുന്നു. ഇതാണ് സഭയിൽ പോലും ഇന്നത്തെ പ്രവർത്തനശൈലി. ഇവിടെ വിശ്വാസികൾ മുട്ടിപ്പായി നിവർത്തിക്കുവാൻ കർത്താവു പറഞ്ഞുതന്നിരിക്കുന്ന പ്രാർത്ഥനയാണ് 'ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ' എന്ന്.

സംശയിക്കേണ്ട, പീഡനവും പ്രലോഭനവും അഗ്നിപരീക്ഷയും ആസൂത്രണം ചെയ്യുന്നത് പിശാചാണ്. ലക്ഷ്യമാകട്ടെ മനുഷ്യനെ ദൈവബന്ധത്തിൽ നിന്ന് അകറ്റി നശിപ്പിക്കുക. 'ദുഷ്ട'തയെന്ന പ്രയോഗത്തിലും പ്രവർത്തിക്കുന്ന പിശാചിന്റെ പങ്ക് നിർണ്ണായകമാണ്. സെന്റ് അഗസ്റ്റിന്റെ ആത്മകഥ (Confessions) യിൽ അദ്ദേഹം ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന ചില പരാമർശങ്ങൾ ശ്രദ്ധേയമാണ്. മനുഷ്യൻ സൃഷ്ടികളെ പരിധികൾ വിട്ട് കാമിക്കുന്നു. അങ്ങനെ അവൻ അവയ്ക്ക് വിധേയപ്പെടുന്നു. അപ്പോൾ അവന് അവയുടെ മേലുള്ള നിയന്ത്രണ-തീരുമാനശേ

ഷികൾ നഷ്ടപ്പെടുന്നു. അതോടെ അവ മനുഷ്യനെ നിയന്ത്രിക്കാൻ തുടങ്ങുന്നു. അവ മനുഷ്യന്റെ മേൽ പുലർത്തുന്ന അധീശത്വ സമീപനവും മനുഷ്യന്റെ അവയോടുള്ള ആസക്തികളും മൂലം അവൻ അവയുടെ അടിമത്തത്തിലാവുകയും അവയ്ക്കു വേണ്ടി ജീവിക്കുകയും ചെയ്യുന്നു. ദൈവഹിതം അവഗണിക്കുവാൻ അവൻ നിർബന്ധിതനാകുന്നു. ഈ അവസ്ഥയിൽ നിന്ന് മനുഷ്യനെ വീണ്ടെടുക്കുവാനുള്ള സർവ്വശക്തനോടുള്ള അഭ്യർത്ഥനയാണ് ഈ പ്രാർത്ഥന. ഇത് സാധിക്കുന്നതാകട്ടെ ക്രിസ്തുബന്ധം ശക്തമാക്കുന്നതുവഴി മാത്രമാണ്. ദൈവകൃപയിലൂടെ ഈശ്വരസ്നേഹം പ്രബലപ്പെടുകയും ദുഷ്ടതയെയും പിശാചിനെയും നേരിടുവാനും ചെറുക്കുവാനുമുള്ള കരുത്ത് വിശ്വാസി ആർജ്ജിക്കുകയും ചെയ്യുന്നു.

ഇത് മനുഷ്യന് സ്വയമായി നേടാവുന്ന കാര്യമല്ല. ഇതിന് ദുർബ്ബലനായ മനുഷ്യന് ദൈവകൃപലഭിക്കേണ്ടതുണ്ട്. ആ കൃപയിലാണ് മനുഷ്യന് ക്രിസ്തുസ്നേഹം വർദ്ധിക്കുകയും ദൈവീക സംരക്ഷണം ശക്തമാവുകയും ചെയ്യുക. വി. സിപ്രീയാൻ പറയുന്നതു ശ്രദ്ധിക്കുക. "When we obtain protection against evil, we are sheltered against everything the devil and the world can contrive" ഇവിടെ ദൈവത്തിൽ അഭയപ്പെടുകയും ക്രിസ്തു സ്നേഹത്തിൽ വളരുകയും ചെയ്യുമ്പോൾ പീഡനം യാഥാർത്ഥ്യമാണെങ്കിൽ തന്നെയും, വിശ്വാസി അനുഭവിക്കുന്നത് ശരിയായ സ്വാതന്ത്ര്യമാണ്. ആ സ്വാതന്ത്ര്യാനുഭവത്തിന്റെ പൂർണ്ണതയിലേക്കാണ് ദൈവം വിശ്വാസിയെ നയിക്കുന്നത്.

ദുഷ്ടതയെ ചെറുക്കുവാനുള്ള ക്രിസ്തുസ്നേഹത്തിന്റെ കരുത്ത് വി.പൗലോസ് കൃത്യമായി മനസ്സിലാക്കുന്നു. റോമാ ലേഖനത്തിൽ അദ്ദേഹമിത് വ്യക്തമാക്കുന്നു. നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് വേർപെടുത്താൻ ആർക്ക് സാധിക്കും? കഷ്ടതയ്ക്കോ, പീഡനത്തിനോ, ക്ഷാമത്തിനൊ, നഗ്നതയ്ക്കോ, വിപത്തിനൊ, വാളിനൊ കഴിയുമോ? കർത്താവേ, നിന്നെപ്രതി കൊല്ലപ്പെടുമെന്ന ഭീഷണങ്ങൾ ദിനംതോറും നേരിടുന്നു.. മരണത്തിനൊ, ജീവനോ, അധികാരങ്ങൾക്കൊ, ശക്തികൾക്കൊ ഒന്നിനും ക്രിസ്തുവേശുവിൽ ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിൽ നിന്ന് എന്നെ അകറ്റുവാൻ കഴിയില്ല. (റോമ. 8:31-38) ചെറുത്തുനില്പിന് പ്രേരകമായി ഈ ക്രിസ്തുസ്നേഹമാണ് യഥാർത്ഥത്തിൽ ദുഷ്ടനിൽ നിന്നും ദുഷ്ടതയിൽ നിന്നുമുള്ള സംരക്ഷണത്തിന് നമുക്കാവശ്യം. ഇതു പ്രാപിക്കുവാനാണ് നാം ദൈവസഹായം യാചിക്കുന്നത്.

തിന്മയെ ദൈവം ഇല്ലായ്മ ചെയ്യുന്നില്ല. തിന്മ സദാ പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. എന്നാൽ ദൈവം ഒരിക്കലും അതിനെ ന്യായീകരിക്കുകയോ (legitimatize) നീതീകരിക്കുകയൊ (justify) ചെയ്യുന്നില്ല. അതേസമയം വിശ്വാസി അതിനെ വിശ്വാസം, സ്നേഹം, പ്രത്യാശ എന്നീ ആയുധങ്ങൾ കൊണ്ട് പ്രതിരോധിക്കുകയും തോല്പിക്കുകയും ചെയ്ത് നന്മ കണ്ടെത്തി, അതിൽ വളരണമെന്നാണ് കർത്താവ് നമ്മെ പഠിപ്പിക്കുന്നത്. തിന്മയ്ക്ക് ഒരിക്കലും ദൈവകൃപയോടെ അതിനെ ചെറുക്കുന്നവരെ തോല്പിക്കുവാൻ കഴിയില്ല. മറിച്ച് ദൈവസ്നേഹത്തിൽ തിന്മയെ എതിർക്കുന്നവർക്ക് അതിനെ നിശ്ചയമായും പരാജയപ്പെടുത്താൻ സാധിക്കും. ക്രിസ്തു സ്നേഹത്തിലും കൂട്ടായ്മയിലും കഴിയുന്നവർക്കു മാത്രമേ അതിനു സാധിക്കൂ.

മിക്ക ക്രിസ്തീയ സഭകളും വി. കുർബ്ബാനയിൽ കർത്തൃപ്രാർത്ഥന ചൊല്ലി അവസാനിപ്പിക്കുന്ന സമയത്ത് ഈ ഭാഗം ഊന്നികൊണ്ടാണ് തുടർന്നുള്ള പ്രാർത്ഥന സമർപ്പിക്കുന്നത്. റോമൻ ലിറ്റർജിയിൽ അത് ഇപ്രകാരമാണ്. "Free us Lord, from all evils-past, present and future. By the interession of all saints, give peace in the day, come to our aid and with Your mercy, so that we may be free from all sins and protected from confusion"

ദുഷ്ടതയിൽ നിന്നും ദുഷ്ടനിൽ നിന്നും ഉള്ള വിമുക്തിയാണ് രക്ഷ. അതു വിശ്വാസി സമൂഹത്തിനുവേണ്ടി മാത്രമല്ല, സർവ്വസൃഷ്ടികൾക്കും വേണ്ടിയുള്ളതാണ്. അതുതന്നെയായിരുന്നു മനുഷ്യാവതാരത്തിന്റെ ലക്ഷ്യവും.

തിന്മ എങ്ങനെ ഉണ്ടായി എന്ന് വേദപുസ്തകം വിശദീകരിക്കുന്നില്ല. എന്തിന് എന്നും പറയുന്നില്ല. എന്നാൽ അതിനോട് ചെറുത്തുനിന്ന് നന്മയിൽ വളരണമെന്ന് വചനം പഠിപ്പിക്കുന്നു. അത് സ്വന്തം ശക്തിയാൽ ആവില്ല. മുമ്പു പറഞ്ഞതുപോലെ ദൈവകൃപയാലും സഹായത്താലും മാത്രമേ സാധ്യമാവു. കർത്താവിനോടുള്ള സ്നേഹമാണ് ദുഷ്ടനെതിരെയുള്ള പോരാട്ടത്തിന് മനുഷ്യന് പ്രേരണ നല്കുന്നത്. ദുഷ്ടത ഇല്ലാതാകുന്നത് യുഗാന്ത്യത്തിൽ മാത്രമാണ്. എന്നാൽ അതിനെ കീഴ്പ്പെടുത്തി നന്മയിൽ വളരുക എന്നത് ഓരോ കാലത്തും നടക്കേണ്ടതാണ്. അതിൽ നിന്ന് ഒഴിഞ്ഞുമാറാൻ വിശ്വാസിക്ക് അനുവാദമില്ല. തിന്മയുടെ സാന്നിധ്യത്തിൽ കഴിഞ്ഞ്, അതിനെ കീഴ്പ്പെടുത്തുകയും അതിജീവിക്കുകയും ചെയ്യാൻ അവന് സാധിക്കണം. അതാണ് പലപ്പോഴും നടക്കാതെ പോകുന്നത്.

ലേഖനം

# യുവാക്കളോടു വീണ്ടും

**ഫാ. എ.എം. ഉലഹന്നാൻ**

ആധുനികലോകത്തിന്റെ ഏറ്റവും വലിയ പ്രത്യേകത, അറിവിന്റെ ചക്രവാളം പണ്ടു സങ്കല്പിക്കാൻ കഴിയുന്നതിനും അപ്പുറമായി വികസിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ ആരംഭിച്ച വ്യവസായ വിപ്ലവത്തിന്റെ കാലം മുതൽ പുതിയ പുതിയ അറിവും അതിന്റെ പ്രയോഗികതയും മനുഷ്യൻ നിരന്തരം തേടിക്കൊണ്ടിരുന്നു. ആ അന്വേഷണം ചക്രവാളങ്ങളുടെ അതിരുകൾ തിരുത്തിക്കുറിച്ചു പ്രായോഗികതയിലൂന്നിയ ഈ പുത്തൻ അറിവുകൾ ലോകത്തെ മാറ്റി മറിച്ചു. നവോത്ഥാനകാലത്ത് നാമെടുത്ത ചിന്താപരവും ബുദ്ധിപരവുമായ ഉണർവ്വ് ഈ മാറ്റങ്ങളുടെ വേഗത വർദ്ധിപ്പിച്ചു. ഇതിന്റെയെല്ലാം ഫലമായി, മതസാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ, ധാർമ്മിക, ആരോഗ്യ മേഖവകളിൽ, ആധുനിക മനുഷ്യൻ ആർജ്ജിച്ച പുരോഗതി, ഒരു 300-400 വർഷം മുമ്പു ജീവിച്ചിരുന്ന മനുഷ്യന്റെ ഏറ്റവും വന്യമായ സ്വപ്നങ്ങൾക്കും അപ്പുറമാണ്, ഇന്ന്.

ഈ വളർച്ചാ പരിണാമങ്ങളുടെ സത്ഫലങ്ങൾ ആസ്വദിക്കുമ്പോൾ തന്നെ ഇവയോടൊപ്പം വളർന്ന മറ്റൊരു വൈരുദ്ധ്യവും കൂടി കാണാതിരുന്നുകൂടാ. ഓരോ മണ്ഡലത്തിലെയും വളർച്ചയെ പിന്നോട്ടടിക്കുന്ന വിധത്തിൽ സ്വാർത്ഥതയുടെ കാലടികൾ അതിനെ നിശ്ശബ്ദമായി പിന്തുടരുന്നു എന്നതാണ് അത്. മതങ്ങൾ, മനുഷ്യനന്മയിലും സ്നേഹത്തിലും ത്യാഗത്തിലും അധിഷ്ഠിതമായ സഹവർത്തിത്വമാണ് ലക്ഷ്യം വയ്ക്കുന്നതെങ്കിലും പില്ക്കാലത്ത് അവ സ്ഥാപന വല്ക്കരിക്കപ്പെടുകയും, ദൈവഭക്തി ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന കമ്പോളവസ്തുവായി മാറുകയും ചെയ്തു. ഉച്ചനീചത്വങ്ങളും ചേരിതിരുവുകളും വിവേചനങ്ങളും ഒന്നുമില്ലാത്ത ആദർശ സമൂഹം ഇന്നും കാവ്യസങ്കല്പങ്ങളിൽ മാത്രം കാണപ്പെടുന്നു. സാമ്പത്തിക സമത്വം, ഒരുവനിൽനിന്ന് മുകളിലേക്ക് നോക്കുമ്പോൾ മാത്രം പറയാൻ കൊള്ളാവുന്ന ഒരു ആദർശമായി അവശേഷിക്കുന്നു. രാഷ്ട്രീയത്തിൽ ഏറെ പരീക്ഷണങ്ങളും മാറ്റങ്ങളും സംഭവിച്ചു. എല്ലാവർക്കും തുല്യ നീതിയും ജീവിതാവസരങ്ങളും

---

തിന്മയെ പരാജയപ്പെടുത്തലും നന്മയുടെ പുലരലും സൃഷ്ടിയുടെ അത്യന്തിക ലക്ഷ്യവും രക്ഷയുമാണ് കർത്തൃപ്രാർത്ഥനയുടെ അന്ത്യപാദത്തിന്റെ ഉള്ളടക്കം. തിന്മയുടെ പ്രവർത്തനം എന്നും തുടർന്നുകൊണ്ടിരിക്കും എന്നാണ് വയലിലെ കളകളുടെ ഉപമയിലൂടെ കർത്താവ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. എന്നാൽ ഈ വിരുദ്ധ ശക്തിക്ക് അത്യന്തിക വിജയമൊ നിലനിൽപ്പോ ഇല്ല. ഉണ്ടാകുവാനും പാടില്ല.

ഇവിടെ ‘ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചു കൊള്ളണമേ’ എന്ന തർജ്ജമ അർത്ഥപ്രകാശനത്തിന് പര്യാപ്തമല്ല. ബലം പ്രയോഗിച്ചുതന്നെ ദുഷ്ടന്റെ പിടിയിൽ നിന്ന് വലിച്ചെടുത്ത് (pull out)ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ എന്നതാണാശയം.

അതായത് ഞങ്ങളുടെ കഴിവിനാലല്ല, നിന്റെ കരുണയാലും ബലത്താലുമത്രേ വിരുദ്ധശക്തിയിൽ നിന്ന് മനുഷ്യന്റെ മോചനം എന്ന ശക്തമായ സൂചന ഈ പ്രാർത്ഥനാ ഭാഗത്തുണ്ട്. മനുഷ്യന്റെ ദൗർബല്യം, ദൈവത്തിന്റെ ശക്തി, കരുണ, ഇടപെടൽ എന്നിവയെല്ലാം സംബന്ധിച്ച വിശ്വാസ വും ഉറപ്പും നാം ഇതിലൂടെ ദൈവമുമ്പാകെ സ്മരിക്കുകയാണ്. മനുഷ്യന്റെ വീണ്ടെടുപ്പിനും രക്ഷയ്ക്കുമായി ദൈവിക ഇടപെടലിനു വേണ്ടിയുള്ള ഹൃദയം തകർന്ന രോദനത്തോടെയാണ് കർത്തൃപ്രാർത്ഥനയിലെ യാചനകളുടെ പരമ്പര സമാപിക്കുന്നത്. ദൈവം നമ്മെ, സഭയെ, ലോകത്തെ, പ്രപഞ്ചത്തെ എല്ലാം ദുഷ്ടതയിൽ നിന്നും ദുഷ്ടനിൽ നിന്നും സംരക്ഷിക്കട്ടെ.

ദൈവമേ, ഞങ്ങളുടെ സഹനശക്തിക്കപ്പുറമായ പരീക്ഷകൾക്ക് നീ അനുവദിക്കരുതെ. പരീക്ഷകൾ ഉണ്ടാകുന്നപക്ഷം അവയെ ചെറുക്കുന്നതിനും അതിജീവിക്കുന്നതിനും നീ ഞങ്ങൾക്ക് കഴിവുനൽകേണമേ. ചെറുപരീക്ഷകളിൽ നിന്റെ കൃപയാൽ ഞങ്ങൾക്കുണ്ടാകുന്ന വിജയം വൻ പരിശോധനകളെപ്പോലും വിജയകരമായി നേരിടുന്നതിനുള്ള കരുത്ത് ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ. പരീക്ഷകൾ ക്രസ്തീയ ജീവിതത്തിന്റെ ഭാഗമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അവയെ ലഘുപ്പെടുത്തുവാനും തടയുവാനും നീ പ്രാപ്തനാകുന്നു എന്ന് ഞങ്ങൾ അറിയുന്നു. പരീക്ഷകളെ ഞങ്ങളുടെ ആത്മീയവളർച്ചയ്ക്ക് ഗുണകരമായി മാറ്റുവാനും നീ ശക്തനാണല്ലോ. അതിനാൽ ഹൃദയപൂർവ്വം ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. □

വാഗ്ദാനം ചെയ്യുന്ന ഏറ്റവും പുതിയ രാഷ്ട്രീയ ഭരണക്രമം നിലവിൽ വന്നു. പക്ഷേ, ഇന്നും എല്ലാവരും തുല്യരാണെങ്കിലും ചിലരെല്ലാം കൂടുതൽ തുല്യരാണ്". (All are equal, but some are more equal than others"-George Orwell) ധർമ്മാധർമ്മങ്ങൾ അവരവരുടെ ലാഭത്തിനുവേണ്ടി വ്യക്തികൾ മുതൽ രാഷ്ട്രങ്ങൾ വരെ പുനരാഖ്യാനം ചെയ്യുന്നു. ആരോഗ്യരംഗത്തുണ്ടാകുന്ന മുന്നേറ്റൾക്കൊപ്പം തന്നെ പുതിയ പുതിയ രോഗങ്ങൾ ആവിർഭവിക്കുന്നു. ചികിത്സാരംഗത്ത് അധാർമ്മികപ്രവണതകൾ ഏറിവരുന്നു. മനുഷ്യന്റെ ആയുസ്സു വർദ്ധിക്കുന്നതിനനുസരിച്ച് വൃദ്ധ സദനങ്ങളുടെ എണ്ണവും വർദ്ധിക്കുന്നു.

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഈ വൈരുദ്ധ്യം നിലനില്ക്കുന്നു. മുഖം മൂടികൾ ധരിച്ചുമാത്രം പ്രത്യക്ഷപ്പെടുന്ന ആധുനിക മനുഷ്യൻ സ്വന്തം മുഖം മറന്നുകഴിഞ്ഞിരിക്കുന്നു. ആദർശവും വിപ്ലവവും ആവേശം കൊള്ളിക്കുന്ന ആധുനിക യുവത്വം ഈ ചരിത്രസന്ധിയിൽ എങ്ങനെ പ്രതികരിക്കും, പ്രതികരിക്കണം എന്നതിനെ ആശ്രയിച്ചിരിക്കും നാളത്തെ ലോകക്രമം. ക്രസ്തീയതയോടുള്ള ആധുനിക യുവത്വത്തിന്റെ സമീപനം എങ്ങനെ ആയിരിക്കും?

കമ്പോളസംസ്കാരം പിടിമുറിക്കിയിരിക്കുന്ന ആധുനിക സമൂഹത്തിൽ ശരിയായ മതബോധം അസാദ്ധ്യമാണ് എന്ന തോന്നലായിരിക്കും ശക്തിയാർജ്ജിക്കുക. ജീവിതമണ്ഡലങ്ങളിലെല്ലാം കച്ചവട താൽപര്യങ്ങൾ പിടിമുറുക്കിയിരിക്കുന്ന ഓരോ വ്യക്തിയും സ്വന്ത താൽപര്യങ്ങൾ മാത്രം ലക്ഷ്യം വയ്ക്കുന്ന, കുടുംബബന്ധങ്ങൾ ശിഥിലമായിരിക്കുന്ന, ലളിതജീവിതവും ഉയർന്ന ചിന്തയും കാലാഹരണപ്പെട്ടുപോയ ഇന്നത്തെ ചുറ്റുപാടിൽ മതബോധവും ആരാധനയും അനാവശ്യവും അധികപ്പറ്റും ആയി വ്യാഖ്യാനിക്കപ്പെടുന്നു. അതുകൊണ്ടു തന്നെ യുവജനങ്ങൾ മതങ്ങളുടെ സ്വാധീനത്തിൽ നിന്ന് സ്വയം അകന്നുമാറുന്നു. മാറി നിന്നു നോക്കുമ്പോൾ, ദൗർബ്ബല്യങ്ങളും വീഴ്ചകളുമായി ചൂണ്ടിക്കാണിക്കാൻ കഴിയുന്ന പല പ്രവണതകളും കണ്ടെത്താൻ കഴിയും. രാഷ്ട്രീയ മേധാവിത്വത്തിനു മുമ്പിൽ വിനീത വിധേയരായി നില്ക്കുന്ന നേതൃത്വം, സമ്പന്ന വിഭാഗങ്ങളോടുള്ള അമിത പ്രതിപത്തി, സാമൂഹ്യ, സാമ്പത്തിക മാനദണ്ഡങ്ങൾ അനുസരിച്ച് ദുർബ്ബല വിഭാഗങ്ങളുടെ നേർക്കുള്ള അവഗണന, അധികാരസ്ഥാനങ്ങളിൽ വീണരുളുന്ന പൊയ്മുഖങ്ങൾ, ധാർമ്മികവും സാന്മാർഗ്ഗികവുമായ അധ:പതനാവസ്ഥ, പുറമോടിയിൽ ഒതുങ്ങുന്ന വെറും ചടങ്ങായി മാറുന്ന ആരാധനകൾ ഇവയെല്ലാം യുവജനങ്ങൾ അമർഷത്തോടെയും അസഹിഷ്ണുതയോടെയും വിലയിരുത്തിയെന്നു വരാം. അവരവരുടെ എതിർപ്പിന്റെ ശബ്ദങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുമ്പോൾ വെറുപ്പുനിറഞ്ഞ മനസ്സോടെ അവർ പിൻവാങ്ങുന്നു. ചുരുക്കത്തിൽ മതനിഷേധികളെ സൃഷ്ടിക്കുന്നതു മതങ്ങൾ തന്നെയാണ്. വ്യവസ്ഥാപിത മതത്തിൽ അവർക്കു ലഭിക്കാതെ പോകുന്ന പലതും, പല കൂട്ടായ്മകളിൽ നിന്നും അവർക്കു ലഭിക്കുന്നു. ക്രമേണ, അവിടെയും മുന്നിട്ടുനില്ക്കുന്നത് വാണിജ്യതന്ത്രങ്ങളാണ് എന്നു ബോദ്ധ്യപ്പെടുന്നതോടെ അവർ മതവിരോധികളോ ചുരിങ്ങിയ പക്ഷം താൽപര്യമില്ലാത്തവരോ ആയി മാറുന്നു. പലപ്പോഴും ക്രിസ്തീയ ഹോസ്റ്റലുകളോടനുബന്ധിച്ചുള്ള ചാപ്പലുകളിലെ ആരാധനയിൽ, ഹോസ്റ്റലിലെ ചെറുപ്പക്കാർ പോലും, പങ്കെടുക്കാൻ വിമുഖത കാണിക്കുന്നു. പല രാജ്യങ്ങളിലും പള്ളികൾ അടച്ചുപൂട്ടപ്പെടുന്നതിന്റെ പല കാരണങ്ങളിലൊന്ന്, യുവാക്കളുടെ പിന്മാറ്റമായിരിക്കും. ഓഡിറ്റോറിയങ്ങളും, മ്യൂസിയങ്ങളും, കാബറേഹാളുകളും എല്ലാമായി മാറ്റപ്പെടുന്ന ദേവാലയങ്ങൾ നമ്മുടെ നാട്ടിലും ഉണ്ടായേക്കാം എന്ന ചിന്ത നമ്മെ ഭയപ്പെടുത്തുന്നു.

ഇവിടെ ഒരു ചോദ്യം പ്രസക്തമായിതീരുന്നു. ഇന്നത്തെ സാമൂഹ്യരാഷ്ട്രീയ, മത അന്തരീക്ഷങ്ങൾ ക്രിസ്തീയ വിശ്വാസത്തിന് അനുകൂലമല്ല എന്ന കാഴ്ചപ്പാട് ന്യായീകരിക്കാൻ കഴിയുമോ? ഒരിക്കലുമില്ല കാരണം ലോകത്തോടുള്ള ഓരോരുത്തരുടെയും കാഴ്ചപ്പാട് ഓരോന്നായിരിക്കുമെങ്കിലും, എല്ലാവരുടേയും എല്ലാ പ്രവൃത്തികൾക്കും പശ്ചാത്തൂമിക ആയിതീരുന്നത് ലോകം തന്നെയാണ്. ലോകത്തിൽ നിന്ന് അകന്നുനിന്നുകൊണ്ട് ക്രിസ്തീയ ജീവിതമെന്നല്ല. ഒരു ജീവിതവും സാദ്ധ്യമല്ല. അതുകൊണ്ടാണ് സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടി ജീവിച്ചുപോരേണ്ടത് ഈ ലോകത്തിൽ തന്നെയാണ് എന്ന് പൗലോസ് ശ്ലീഹാ പറയുന്നത് (തീത്തോസ് 2:12) സുബോധം നീതി ദൈവഭക്തി ഇവ മൂന്നും ക്രിസ്തീയ പൂർണ്ണതയിലേക്കുള്ള വളർച്ചയുടെ മൂന്നു മുഖങ്ങളാണ്. ആദ്യത്തേതു തന്നോടുതന്നെയുള്ള ഉത്തരവാദിത്തവും രണ്ടാമത്തേത് സമൂഹത്തോടുള്ള ഉത്തരവാദിത്തവും മൂന്നാമത്തേത് ദൈവത്തോടുള്ള ഉത്തരവാദിത്തവും വെളിവാക്കുന്നു. ഈ മൂന്നു ഘടനകങ്ങളും കൂടിച്ചേരുന്ന ക്രിസ്തീയ ജീവിതത്തിന്റെ വേദി ഈ ലോകം തന്നെയാണ്. ഇതിലെ പോരായ്മകൾ ഉയർത്തിക്കാണിച്ച് ഇതിൽ നിന്നു മാറിനിന്ന് ഒരു ജീവിതം സാദ്ധ്യമല്ല.

ക്രിസ്തുസഭയുടെ ഏകദേശം ആരംഭനൂറ്റാണ്ടുകൾ മുതൽ ഈ പ്രവണത ദൃശ്യമായിരുന്നു. ഏകാന്തഗുഹകളിലും, ഗിരിഗഹ്വരങ്ങളിലും, മരുഭൂമികളിലും അഭയം തേടിയ പുണ്യപിതാക്കന്മാർ അനേകമുണ്ട്. ഇന്ന് അവരുടെ ചരിത്രം വായിച്ചുതീരുമ്പോൾ നാം സ്വയം ചോദിച്ചുപോകുന്ന ഒരു ചോദ്യമുണ്ട്. അവരുടെ ഏകാന്തജീവിതം കൊണ്ട് സഭ എന്തുനേടി? സമൂഹം എന്തു നേടി? നൂറുകണക്കിനു രക്തസാക്ഷികളുടെ രക്തം വീണു കുതിർന്ന മണ്ണിലാണ് സഭയുടെ വേരോടിയത്. ലോകത്തിന്റെ വർണ്ണവും നാദവും സൗരഭ്യവും സാന്ത്വനവും എല്ലാം വേണ്ടെന്നുവച്ച്, ജീവിതമാകെ ദൈവസാക്ഷാത്കാരത്തിനുള്ള യജ്ഞമാക്കി മാറ്റിയ ആ പിതാക്കന്മാർ പ്രശംസ അർഹിക്കുന്നു. പക്ഷേ, അവരുടെ ജീവിതം പോരാട്ടത്തിന്റേതല്ല, ഭയന്നോട്ടത്തിന്റേതാണ്. പരീക്ഷണങ്ങളിൽ നിന്നു രക്ഷപ്പെട്ട് മാറിനില്ക്കാൻ ആർക്കും കഴിയും, എന്നാൽ പരീക്ഷണങ്ങളെ നേരിടാനും അതിജീവിക്കാനും ധീരന്മാർക്കേ കഴിയൂ. ഇന്നത്തെ ലോകത്തിൽ തത്കാല ചുറ്റുപാടുകളിൽ സുബോധത്തോടെയും നീതിയോടെയും ദൈവഭക്തിയോടെയും ഉള്ള ക്രസ്തീയ ജീവിതം അസാദ്ധ്യമാണെന്നു ചിന്തിച്ച് മുഖം തിരിച്ചു മാറിനില്ക്കുന്ന യുവാക്കൾ ഈ സത്യം മനസ്സിലാക്കണം.

ഇന്നത്തെ ചെറുപ്പക്കാരിൽ മറ്റൊരു വിഭാഗമുണ്ട്. ചുറ്റുപാടുകളിൽ കാണുന്ന എന്തിനേയും, ത്യാജ്യഗ്രാഹ്യവിവേചനം ഒന്നും കൂടാതെ ഉൾക്കൊള്ളുന്നവർ. കൈയ്യിൽ കിട്ടുന്ന എന്തിലും സംതൃപ്തി കണ്ടെത്താൻ ഇവർക്കു കഴിയും. സംഘർഷരഹിതമാണ് അവരുടെ മനസ്സ്. ഒഴുക്കിനനുസരിച്ച് നീന്താൻ മെയ്‌വഴക്കമുള്ള ഇവർക്ക് മനസ്സും ശരീരവും ഒരുപോലെ ആയാസരഹിതമായി നിലനിർത്താൻ കഴിയും. പ്രതിഷേധത്തോടെ അകലെ മാറിനിന്ന് വിമർശിക്കുന്നവരേകാൾ അപകടകാരികൾ മറ്റുള്ളവരുടെ ചരടുവലിയ്ക്കനുസരിച്ചു പാവക്കൂത്താടുന്ന ഇക്കൂട്ടരാണ്. കാരണം ആർക്കും എന്തിനും ഇവരെ ഉപയോഗപ്പെടുത്താം. സുബോധവും നീതിബോധവും ദൈവഭക്തിയുമെല്ലാം 'മുകളിൽ' നിന്നു വരുന്ന കല്പനകൾക്കനുസരിച്ച് ആയുധമെടുത്തു എന്നുവരും. ഓരോ വ്യക്തിയും മറ്റൊരാളിൽ നിന്നു വ്യത്യസ്തനാണ്. മറ്റുള്ളവരുടെ ഇഷ്ടാനിഷ്ടനങ്ങൾക്കനുസരിച്ച് സ്വയം വഴങ്ങിക്കൊടുക്കുന്നവർക്ക് നഷ്ടപ്പെടുന്നത് അവനവന്റെ സ്വത്വബോധമാണ്. മുഖം നഷ്ടപ്പെടുന്ന ഇവർ തങ്ങളുടെ സാന്നിദ്ധ്യം അറിയിക്കാൻ മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തും. പലപ്പോഴും മദ്യപാനം, ലഹരി ഉപയോഗം തുടങ്ങിയ നശീകരണമാർഗ്ഗങ്ങളിലൂടെ സ്വന്തം അസ്തിത്വം മറ്റുള്ളവരെകൊണ്ട് അംഗീകരിപ്പിക്കാൻ ശ്രമിച്ചേക്കാം. കൊല്ലാനും മരിക്കാനും സന്നദ്ധരായ പല പേരുകളിൽ അറിയപ്പെടുന്ന, സംഘങ്ങളിലെ അംഗങ്ങളായ ഇത്തരം യൂവാക്കളിൽ പലരും ഇത്തരം മാരകമായ ദുശ്ശീലങ്ങൾക്ക് അടിമകളായിരിക്കും. ഏറെ വൈകി പിന്തിരിഞ്ഞുനോക്കുമ്പോൾ താൻ എത്തേണ്ടിടത്ത് എത്തിയില്ല എന്ന സത്യം ബോദ്ധ്യപ്പെടും. ഈ യാന്ത്രികലോകത്തിൽ ആരും ആർക്കും അനുപേക്ഷണീയരല്ല. ആരുടേയും സാന്നിദ്ധ്യവും അസാന്നിദ്ധ്യവും മറ്റാർക്കും പ്രശ്നവുമല്ല എന്നു തിരിച്ചറിയുമ്പോൾ തോന്നുന്ന വ്യർത്ഥതാ ബോധം അതിഭീകരമാണ്. അതോടെ യുവത്വത്തിന്റെ ശക്തി ഭ്രാന്തന്റെ കൈയ്യിലെ ആയുധം പോലെ അപകടകാരിയായിതീരുന്നു. അങ്ങനെ നിലവിലെ സമ്മർദ്ദങ്ങൾക്കു കീഴടങ്ങികൊടുക്കുന്ന യുവാക്കൾ ധാർമ്മികതയുടെ മണ്ഡലത്തിൽ ഭീരുക്കളും ക്രിസ്തീയ ജീവിതത്തിൽ ആത്മവഞ്ചകരും ആയി തീരുന്നു. ഇതുവരെ പറഞ്ഞ കാര്യം ഇങ്ങനെ സംഗ്രഹിക്കട്ടെ. ആദർശാത്മകമായി ക്രിസ്തുമത വിശ്വാസം അപ്രായോഗികമാക്കിത്തീർക്കുന്ന ഇന്നത്തെ ചുറ്റുപാടുകളിൽ നിന്ന് ഓടി രക്ഷപെടാൻ എളുപ്പമാണ്. ഇന്നത്തെ സമർദ്ദങ്ങൾക്ക് കീഴടങ്ങിക്കൊടുക്കാൻ അതിലും കൂടുതൽ എളുപ്പമാണ്. പക്ഷേ, ഈ എളുപ്പമാർഗ്ഗങ്ങൾ, പിന്തുടരുമ്പോൾ നശിക്കുന്നത്, സുബോധത്തോടെയും നീതിബോധത്തോടെയും ദൈവഭക്തിയോടെയും ഉള്ള ക്രിസ്തീയ ജീവിതമാണ്.

ശാസ്ത്ര-സാങ്കേതിക മുന്നേറ്റങ്ങൾ അനുനിമിഷം ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ആധുനിക സമൂഹത്തിലെ സഭയിൽ യുവാക്കളുടെ പ്രവർത്തനം എങ്ങനെ ആയിരിക്കണം? അനഭിലഷണീയ രീതികളും പ്രവർത്തനങ്ങളും നിലനിന്ന ലോകത്തെ ഉപേക്ഷിച്ചുപോയവരാണ് പണ്ടത്തെ പുണ്യാത്മാക്കൾ. അതേ ലോകത്തിൽ നിലനിന്നുകൊണ്ട് അതിനെ മാറ്റിയെടുക്കാൻ ശ്രമിക്കുന്നവരാണ് ഇന്നത്തെ പുണ്യാത്മാക്കൾ നാളത്തെ ലോകത്തിൽ സഭ എന്തായിരിക്കണം, എങ്ങനെ ആയിരിക്കണം എന്നതിനെ സംബന്ധിച്ച് യുവാക്കൾക്ക് ഒരു കാഴ്ചപ്പാടുണ്ടാകണം. തകരുന്ന കുടുംബബന്ധങ്ങൾ, ആത്മാർത്ഥതയില്ലാത്ത വ്യക്തി ബന്ധങ്ങൾ, ശത്രുതാ മനോഭാവത്തോടെ പരസ്പരം നോക്കിക്കാണുന്ന മതസംഘടനകൾ, പൊള്ളയായ ആരാധനാരീതികൾ ഇവയിലെല്ലാം ഒരു പൊളിച്ചെഴുത്തു നടത്താൻ യുവതലമുറയ്ക്കു കഴിയണം. തികച്ചും പ്രതികൂലമായ സാഹചര്യത്തിൽ, സ്വന്തം

ലേഖനം

# കൗമാരത്തിന് കരുതലിന്റെ കുട ചൂടിക്കാം

**ബിന്ദു പി. ഏബ്രഹാം**

**പു**തിയ കാര്യങ്ങൾ അറിയുന്നതിനും അനുഭവിക്കുന്നതിനും വ്യഗ്രത കാട്ടുന്ന പ്രായമാണ് കൗമാരക്കാരുടേത്. ബാല്യത്തിനും യൗവ്വനത്തിനും ഇടയിലെ ശാരീരികവും മാനസികവുമായ സങ്കീർണ്ണപരിവർത്തനകാലഘട്ടമാണ് കൗമാരം എന്നുപറയാം. ജീവിതത്തിന്റെ വസന്തമായി കാണപ്പെടുന്ന കൗമാരം വ്യക്തിയിൽ കായികവും, ജീവശാസ്ത്രപരവുമായ മാറ്റങ്ങൾ ഉണ്ടാക്കുന്നു.

ചിന്താക്കുഴപ്പങ്ങളുടെയും പിരിമുറുക്കങ്ങളുടെയും അരക്ഷിതബോധത്തിന്റെയും കാലഘട്ടമാണിത്. 12 വയസ്സുവരെ പിൽകാല കൗമാരഘട്ടം എന്നും അറിയപ്പെടുന്നു. കൗമാരം ഞെരുക്കത്തിന്റെയും പിരുമുറുക്കത്തിന്റെയും കാലമെന്നും താത്ക്കാലിക ബുദ്ധിഭ്രമത്തിന്റെ കാലമെന്നും നിരവധി വിശേഷണങ്ങളിൽ അറിയപ്പെടുന്നു. ലഹരിക്കു പിന്നാലെ പോകാനുള്ള വ്യഗ്രത ഈ ഘട്ടത്തിലാണ് കൂടുതൽ. എന്തുകൊണ്ടാണ് കൗമാരക്കാർ ലഹരിക്കു പിന്നാലെ പായുന്നത്? പലകാരണങ്ങൾ കൊണ്ടും മിക്ക കൗമാരക്കാരും മദ്യമോ മയക്കുമരുന്നോ പരീക്ഷിക്കുന്നതും കാണാം. ഇവർ ലഹരി ഉപയോഗിക്കുന്നതിന് കാരണം വ്യത്യസ്തമായിരിക്കും.

**1. അനുകരണഭ്രമം**

അച്ഛനും അമ്മയ്ക്കും ആയാൽ തങ്ങൾക്ക് എന്തുകൊണ്ട് ആയിക്കൂടാ എന്ന് കുട്ടികൾ ചിന്തിച്ചേക്കാം. എപ്പോഴും മാതാപിതാക്കളുടെ ശീലങ്ങൾ പിന്തുടരാൻ ഇഷ്ടപ്പെടുന്നവരാണ് കുട്ടികൾ. മാതാപിതാക്കൾ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരാണെങ്കിൽ അവരും അതിൽ താത്പര്യം പ്രദർശിപ്പിച്ചു തുടങ്ങും. ഇതിനെല്ലാം ഉപരി, ഇതൊക്കെയാണ് അവർ തങ്ങളുടെ മാതൃകാ രക്ഷകർത്താക്കളിൽ കാണുന്നതും നിരീക്ഷിച്ചറിയുന്നതും.

**2. മുഷിച്ചിൽ**

എപ്പോഴും എന്തിലെങ്കിലും മുഴുകിയിരിക്കാനും തിരക്കിലായിരിക്കാനുമാണ് കൗമാരക്കാർ ആഗ്രഹിക്കുന്നത്. ഒന്നും ചെയ്യാനില്ലെങ്കിലും ഒറ്റയ്ക്ക് ആയിപ്പോയാലും അവർക്ക് വളരെ പെട്ടെന്ന് വിരസത അനുഭവപ്പെടും. വിരസത ഇല്ലാതാക്കാനായി അവർ വിനോദത്തിനും ഹരമുണ്ടാകന്നതിനുമായി പുതിയ വഴികൾ തേടും. ഇത്തരം സാഹചര്യങ്ങൾ അവരെ മദ്യമോ മയക്കുമരുന്നോ പരീക്ഷിക്കുന്നതിലേക്ക് എത്തിച്ചേക്കാം.

**3. നിരന്തര ശകാരം**

ചില രക്ഷാകർത്താക്കൾ തങ്ങളുടെ കൗമാരക്കാരായ കുട്ടികളോട് അയവില്ലാത്ത സമീപനം കാണിക്കുന്നവരായിരിക്കും. രക്ഷാകർത്താക്കളുടെ കർക്കശമായ മാർഗ്ഗനിർദ്ദേശങ്ങളും ശകാരവും മൂലം നിരാശരാകുന്ന അത്തരം കുട്ടികൾ അവരുടെ പിരിമുറുക്കം അല്ലെങ്കിൽ ദേഷ്യം ശമിപ്പിക്കാൻ മദ്യത്തി

---

ബോദ്ധ്യങ്ങൾക്കും വിശ്വാസങ്ങൾക്കും അനുസരിച്ചു ജീവിച്ചു കാണിച്ചു കൊടുക്കുമ്പോൾ ആധുനിക പുണ്യാത്മാവിന്റെ പദവിയിലേക്കുള്ള ആദ്യ ചുവടു നാം വയ്ക്കുകയാണ്.

ആധുനികലോകത്തിൽ യുവജനങ്ങൾക്ക് എന്തു കഴിയും എന്ന് സമീപകാലത്തുണ്ടായ മഹാപ്രളയത്തിന്റെ സമയത്ത് യുവാക്കൾ തെളിയിച്ചതാണ്. പലരുടേയും കൈയ്യിൽ, ഗൂഢമായ മാരകായുധങ്ങൾ പോലെ മറഞ്ഞിരുന്ന ആധുനിക വാർത്താ വിനിമയോപകരണങ്ങൾ അവരുടെ കയ്യിൽ ജീവൻ രക്ഷാ ഉപകരണങ്ങളായി മാറി. എല്ലാവിധ ഭേദ ചിന്തകൾക്കും വിഭാഗീയതകൾക്കും അതീതരായി അവർ ഉയർന്നു. ഈയോരു കാഴ്ചപ്പാട് സഭാതലത്തിലും പുലർത്താൻ അവർക്കു കഴിയണം. ശത്രുക്കളെപോലെ പരസ്പരം ഏറ്റുമുട്ടുവാനും കീഴടക്കാനും സന്നദ്ധരായി നില്ക്കുന്നവരുടെ മദ്ധ്യത്തിൽ ഐക്യത്തിന്റെ സന്ദേശവാഹകരായി മാറുമ്പോൾ അവർ ചരിത്ര സ്രഷ്ടാക്കളായിത്തീരുന്നു. ഒഴുക്കിനെതിരെ നീന്താനുള്ള മനസ്സും ചങ്കൂറ്റവുമാണ് ആധുനിക യുവത്വത്തിന് ഏറ്റവും കൂടുതൽ ആവശ്യം. സ്നേഹത്തിൽ നിന്ന് ഉരുത്തിരിയുന്നതും, വിജ്ഞാനം നയിക്കുന്നതും ആയ ഏതു പ്രവൃത്തിയും ധാർമ്മികമാണ് എന്നു കാണാൻ കഴിയണം. അത്തരം പ്രവൃത്തികൾ ആരാധനയുടെ മറ്റൊരു രൂപമാണ്. മഹത്വവും മൂല്യവും നഷ്ടപ്പെട്ട സഭയിലും സമൂഹത്തിലും സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും നീർചാലുകൾ ഒഴുകുമ്പോൾ ഏത് ഊഷരതയും ഉർവരത ആയിമാറും. അതു നടക്കേണ്ടത് യുവതലമുറ വഴിയാണ്.

ന്റെയോ മയക്കുമരുന്നിന്റെയോ കൂട്ടുപിടിച്ചേക്കാം.

**4. സുഹൃത്തുക്കളുടെ നിർബന്ധം**

കൂട്ടുകാരിൽ നിന്നുള്ള സമ്മർദ്ദം വളരെ ശക്തമായ സ്വാധീനമാണ്. പ്രത്യേകിച്ച് കൗമാരത്തിൽ. കൗമാരക്കാരായ കുട്ടികൾ വളരെപ്പെട്ടെന്ന് കൂട്ടുകാരുടെ സ്വാധീനത്തിലാവുകയും അവരെ അനുകരിക്കാൻ ശ്രമിക്കുകയും ചെയ്യും. അവർക്ക് അനുയോജ്യമല്ലാത്ത പുതിയ കാര്യങ്ങൾ പരീക്ഷിച്ച് 'കൂൾ കിഡ്സ്' ആകാനാകും അവരുടെ ശ്രമം. വേണ്ട എന്നുപറയുന്നത് ചില അവസരങ്ങളിൽ കളിയാക്കലിനും ഭീഷണിപ്പെടുത്തലിനും കാരണമായേക്കാം.

**5. മുതിർന്നുവെന്ന തോന്നൽ**

തങ്ങളെ മുതിർന്നവരെപോലെ പരിഗണിക്കുന്നതിനായി കൗമാരക്കാർ ശ്രമങ്ങൾ നടത്താം. പലപ്പോഴും, 'ഞാനിപ്പോൾ കുട്ടിയല്ല' എന്നതുപോലെയുള്ള പ്രസ്താവനകളും നടത്തിയേക്കാം. സാധാരണ പ്രായം കൂടുന്നതിന് അനുസൃതമായി വന്നുചേരുന്ന എല്ലാ അവകാശങ്ങളും-മദ്യപാനം ഉൾപ്പെടെ, പരീക്ഷിക്കാൻ അവർ ഇഷ്ടപ്പെടും. തങ്ങൾ മുതിർന്നവരാണെന്നും കൂടുതൽ പക്വതയുള്ളവരാണെന്നും കരുതുന്നതിൽ അത്ഭുതം തോന്നേണ്ട കാര്യമില്ല. എന്നാൽ ഇത്തരം ധാരണകൾ അവരെ മദ്യം, പുകവലി, മയക്കുമരുന്ന് തുടങ്ങിയവയിലേക്ക് അടുപ്പിച്ചേക്കാം.

**6. ചലച്ചിത്രങ്ങളുടെ സ്വാധീനം**

നിരവധി സിനിമകളും ടിവി പരിപാടികളും മദ്യപാനവും പുകവലിയും വലിയ പ്രശ്നമല്ലാത്ത, അല്ലെങ്കിൽ സ്വാഭാവികമായ, സംഗതിയാക്കി ചിത്രീകരിക്കുന്നു. നല്ലതും ചീത്തയുമായ ശീലങ്ങൾ തമ്മിൽ വേർതിരിച്ചറിയാൻ തക്ക പക്വതയില്ലാത്ത കൗമാരക്കാരെ ഇത്തരം പരിപാടികൾ വളരെ എളുപ്പത്തിൽ സ്വാധീനിച്ചേക്കാം.

**7. ആശ്വാസം കണ്ടെത്തൽ**

വൈകാരിക പ്രശ്നങ്ങൾ മൂലം ബുദ്ധിമുട്ടുന്ന കൗമാരക്കാർക്ക് മദ്യവും മയക്കുമരുന്നും മൂലമുള്ള അപകടസാധ്യത ഏറ്റവും കൂടുതലാണ്. മദ്യത്തിനും മയക്കുമരുന്നിനും തങ്ങളുടെ വേദനകുറയ്ക്കാൻ സാധിക്കുമെന്നും അവ ആശ്വാസം പകരുമെന്നും അവർ കരുതിയേക്കാം. ഉദാഹരണത്തിന്, ഗാർഹിക പീഡനത്തിന് ഇരയാവുന്ന ഒരു കൗമാരക്കാരൻ/കൗമാരക്കാരി വൈകാരിക ആഘാതത്തിൽ നിന്ന് മോചനം നേടാനായി ലഹരിമരുന്നിൽ അഭയം തേടിയേക്കാം.

**8. അജ്ഞത**

മിക്കപ്പോഴും കൗമാരക്കാർക്ക് മദ്യത്തെക്കുറിച്ചും മയക്കുമരുന്നിനെക്കുറിച്ചും പൂർണ്ണവും ശരിയുമായ വിവരങ്ങൾ ഉണ്ടാകണമെന്നില്ല. അവർ സുഹൃത്തുക്കൾ പറയുന്നത് ശ്രദ്ധിക്കുകയും അത് വിശ്വസിക്കുകയും ചെയ്യുന്നു. മദ്യവും മയക്കുമരുന്നും ആനന്ദത്തിനുവേണ്ടിയുള്ളതാണെന്നു വിശ്വസിക്കുന്ന അവർ അവ ആരോഗ്യത്തിന് ദോഷകരമാണെന്ന് കരുതുന്നില്ല.

**9. കൗതുകം**

കൗമാരക്കാർ മദ്യം അല്ലെങ്കിൽ മയക്കുമരുന്ന് ഉപയോഗിക്കുന്നതിന് ഒരു പ്രധാനകാരണമാണ് ജിജ്ഞാസ. കൗമാരക്കാർ എപ്പോഴും പുതിയഅനുഭവങ്ങൾക്കായി ജിജ്ഞാസയോടെ കാത്തിരിക്കുന്നവരായിരിക്കും. ആരെങ്കിലും മദ്യപിക്കുന്നത് കണ്ടാൽ, അത് എങ്ങിനെയുണ്ട് എന്നറിയാൻ അവർക്ക് ജിജ്ഞാസയുണ്ടാകും.

**10. ആനന്ദം തേടി**

കുറഞ്ഞസമയം കൊണ്ട് ലഘുത്വം നൽകാൻ മദ്യത്തിനും മയക്കുമരുന്നിനും കഴിഞ്ഞേക്കും. വേഗത്തിലും ഉടനടിയും ആനന്ദം തേടുന്ന കൗമാരക്കാർ ഇത്തരം ശീലങ്ങളെ ആശ്രയിച്ചേക്കാം.

കുടുംബം സ്നേഹത്തിന്റെയും കരുതലിന്റെയും കുട പിടിച്ചാൽ ജീവിതത്തിൽ ഏറ്റവും മനോഹരമാകേണ്ടതാണ് ബാല്യവും കൗമാരവും. പക്ഷേ, ലോകത്തിലെ ഒരു വലിയ വിഭാഗം കുഞ്ഞുങ്ങൾക്കും ഈ കരുതലും സ്നേഹവുമെല്ലാം എങ്ങനെയൊക്കെയോ നഷ്ടപ്പെടുന്നു. പട്ടിണി കുടുംബത്തിലെ അശാന്തി, തെറ്റായ കൂട്ടുകെട്ട് ഇത്തരം സാഹചര്യങ്ങൾ ഇവരെ പലപ്പോഴും എത്തിക്കുന്നത് ലഹരിയുടെ കൈകളിലാണ്. പിന്നീട് ഇത്തരക്കാരുടെ ജീവിതം ദുരിതപൂർണ്ണമായി മാറുന്നു. 'ലിസൺ ഫസ്റ്റ്' എന്ന പ്രചാരണ പരിപാടിയിലൂടെ കുട്ടികളെ ശ്രദ്ധിക്കാനുള്ള ആഹ്വാനം ഐക്യരാഷ്ട്രസഭ കുടുംബങ്ങൾക്ക് നൽകിയിരുന്നു.

എത്ര തിരക്കുണ്ടെങ്കിലും കുട്ടികളെ ശ്രദ്ധിക്കാനും അവരോട് സംസാരിക്കാനും മാതാപിതാക്കളെ ഐക്യരാഷ്ട്രസഭ ലിസൺ ഫസ്റ്റിലൂടെ ഓർമ്മപ്പെടുത്തുന്നു. ആരോഗ്യം, മനുഷ്യാവകാശം, വികസനംഎന്നിവയിലൂന്നി എല്ലാ ജനങ്ങളുടെയും ക്ഷേമത്തിനുവേണ്ടിയുള്ള പ്രവർത്തനവുമായിമുന്നോട്ട് പോകാൻ യു.എൻ. സെക്രട്ടറി ജനറൽ അംഗരാജ്യങ്ങൾക്ക് ആഹ്വാനം നൽകി.

ലഹരിയുടെ ദൂഷ്യഫലങ്ങളെ ഓർമ്മപ്പെടുത്തുന്ന വിവിധ പരിപാടികൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും നടക്കുന്നുണ്ട്. നമ്മുടെ കുട്ടികളെ ലഹരിയുടെ കൈകളിൽ നിന്ന് രക്ഷിക്കാൻ നമുക്കും അവരുടെ വാക്കുകൾക്ക് ചെവികൊടുക്കാം, അവരോട് സംസാരിക്കാം, സ്നേഹത്തിന്റെ സംരക്ഷണ ചിറകു വിരിക്കാം. □

ചിന്ത

# നിധി

വചനം-വി. മത്തായി 13.44

**ജോയി മേക്കോട്ടിൽ**

"സ്വർഗ്ഗരാജ്യം വയലിൽ ഒളിപ്പിച്ചുവച്ച നിധിയോട് സാദൃശ്യം. അതു ഒരു മനുഷ്യൻ കണ്ടു മറച്ചിട്ടു തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റ് ആ വയൽ വാങ്ങി."

അപ്രതീക്ഷിതമായ അധിനിവേശങ്ങളിൽ പലപ്പോഴും പലായനം ചെയ്യേണ്ടിവരുന്ന ഒരു ജനതയോടാണീ മൊഴികളവൻ പറയുന്നത്. എന്നെങ്കിലുമൊരിക്കൽ മടങ്ങിവരാനായേക്കുമെന്ന വിദൂരസാദ്ധ്യത മനസ്സിൽ താലോലിച്ച് അതുവരെ നേടിയതെല്ലാം പിറന്ന മണ്ണിന്റെ ആഴങ്ങളിലൊളിപ്പിച്ച് ഒരിക്കലും തിരിച്ചുവരാനാവാതെ മറവിയുടെ തിരകളിലൊടുങ്ങിപ്പോവുന്നവർ. അവരൊളിപ്പിച്ചുവച്ച നിധികൾ ആർക്കെങ്കിലുമൊക്കെ സ്വന്തമായിത്തീരുന്നതിന്റെ ആകസ്മികത പാലസ്തീനിയൻ ഭൂമിശാസ്ത്രത്തിന് അപരിചതമല്ലല്ലോ. ഇങ്ങനെ നിനച്ചിരിക്കാതെ നിധി കണ്ടെത്തുന്നവനാകട്ടെ തനിക്കുള്ളതെല്ലാം വിറ്റിട്ടാണെങ്കിലും അതു നേടുന്നു. നഷ്ടപ്പെടാതെ കാക്കുന്നു.

ഈ നിധി കണ്ടെത്തണമെങ്കിൽ ഏറെ ആഴത്തിലമ്പേഷിക്കേണ്ടതുണ്ട്. മേൽമണ്ണിലാരും നിധി ഒളിപ്പിക്കില്ലൊരിക്കലും. അതുകൊണ്ട് കണ്ടെത്തുക ആത്മീകതയാണെങ്കിലും ആഴത്തിൽ തന്നെ പരതേണ്ടതുണ്ട്. ഇതു തന്നെയാണ് നമ്മുടെയൊക്കെ പരിമിതിയും. എന്തുമാകട്ടെ അത്ര ആഴത്തിലൊന്നുമമ്പേഷിക്കുവാൻ നമുക്കാവില്ല. ദൈവാമ്പേഷണങ്ങളിൽപ്പോലും തിരക്കുകളതിന് അനവദിക്കുന്നില്ലയെന്നൊക്കെയാണ് നമ്മുടെ ന്യായം പറച്ചിലുകൾ. അല്ലെങ്കിൽ ചിലർക്കൊക്കെ മാത്രമായി അതൊക്കെ മാറ്റി വച്ചിരിക്കുന്നു എന്നുമാവാം. ഇതാ പിറവിപ്പിറന്നാളിന്റെ ആഹ്ലാദങ്ങളും ആരവങ്ങളും എങ്ങും തുടങ്ങിക്കഴിഞ്ഞു. നക്ഷത്രവിളക്കുകളുടെ പ്രഭാപൂരത്തിലേയ്ക്ക് നാം ഉണ്ണിയെ എതിരേറ്റു കഴിഞ്ഞു. പക്ഷേ ഉപരിപ്ലവങ്ങളായ ഈ ആഘോഷങ്ങളുടെ ആലസ്യങ്ങളിലൂടെ തന്നയാണോ ഉണ്ണിയേശു പിറന്നുവീഴുക? എന്റെ ഉൾത്തടത്തിലെങ്കിലും! ഒരു നിമിഷം മിഴിപൂട്ടിയിരുന്ന് ഒന്നു ധ്യാനിക്കണം. എന്റെ ഹൃദയത്തിന്റെ ഉൾത്തടങ്ങളിൽ ഈ നക്ഷത്ര വിളക്കിന്റെ പ്രഭ പ്രകാശം പരത്തുന്നുണ്ടോ? "സർവ്വജനത്തിനും ഉണ്ടാകാനുള്ളൊരു മഹാസന്തോഷ" ത്തിന്റെ (ലൂക്കോ 2:10) സുവിശേഷമാകണം ഞാൻ കൊളുത്തുന്ന നക്ഷത്ര വിളക്കുകൾ. എങ്കിലേ നിധി കണ്ടെത്തിയവന്റെ സന്തോഷം എന്റെ ചുറ്റിലുമെങ്കിലും പകരാൻ കഴിയൂ!

നമ്മൾ പലപ്പോഴും ഈ നിധി തെറ്റായ ഇടങ്ങളിൽ പരതുന്നുവെന്നതാണ് മറ്റൊരു പരിമിതി. പുൽത്തൊഴുത്തിൽ പിറന്നവനെ തിരക്കി ഹേറോദേസിന്റെ കൊട്ടാരത്തിലെത്തുന്ന വിദ്വാന്മാരെപ്പോലെ (മത്ത 2:2) വഴിതെറ്റിപ്പോവുക മനുഷ്യന്റെ സഹജത തന്നെയാകാം. എങ്കിലും കാലിത്തൊഴുത്തിൽ പിറന്നവനെ കൊട്ടാരത്തിൽ പ്രതീക്ഷിക്കുന്നത് സാധാരണക്കാരൊന്നുമല്ല. പാണ്ഡ്യത്യമേറിയവർക്കാണിവിടെ വഴി മുറിഞ്ഞുപോവുന്നത്. പാമരന്മാരായ ആട്ടിടയരാകട്ടെ അവരെ ദീപ്തമാക്കിയ ദീപപ്രഭയിൽ മാത്രമാശ്രയിക്കുന്നതുകൊണ്ടാകാം, ഉണ്ണിയേശുവിനെ കണ്ടെത്തുക തന്നെ ചെയ്തു (ലൂക്കോ 2:8,9) ''നീയോ ബെത്ത്ലഹേം എഫ്രാത്തേ, നീ യഹൂദ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും ഇസ്രായിലിന് അധിപതി ആയിരിക്കേണ്ടവൻ നിന്നിൽ നിന്നും ഉത്ഭവിക്കും" (മീഖ 5:2) എന്ന പ്രവചനത്തിന്റെ നിവൃത്തി കാത്തിരിക്കുന്നവർക്ക് കൊട്ടാരത്തിന്റെ അകത്തളങ്ങളിലും അധികാരത്തിന്റെ ഉന്മത്തതകളിലുമല്ലാതെ മറ്റെവിടെയാണ് തങ്ങൾക്ക് അധിപതിയായിരിക്കേണ്ടവനെ പ്രതീക്ഷിക്കാനാവുക..! അതുകൊണ്ടുതന്നെയാവണവർക്ക് വഴിതെറ്റിപോവുന്നത്. നമ്മുടെ ആധിപത്യ സംവിധാനങ്ങളെല്ലാം ഏതുകാലത്തുമാകട്ടെ പുറംകാഴ്ചകളുടെ പകിട്ടിലൊളിപ്പിച്ചു വച്ചതാണ്. അധികാരത്തിന്റെയും സമ്പത്തിന്റെയും ചുറ്റുമാണതെന്നും ഭ്രമണം ചെയ്യുന്നതും! ഇതിന്റെയൊക്കെ അടങ്ങാത്ത തൃഷ്ണകളിൽ കുരിങ്ങിപ്പോവുന്ന നമുക്കും പുൽത്തൊഴുത്ത് ഒരു വെല്ലുവിളിതന്നെ! എങ്കിലും ഉണ്ണി പിറന്നത് പുൽത്തൊഴിത്തിൽ തന്നെയെന്ന നേരറിവുകൊണ്ടാണല്ലോ ഇന്ന് വിപണിയുടെ നീരാളിക്കൈകളിൽ നിന്നു കിട്ടുന്ന വൈവിധ്യമാർന്ന പുൽക്കൂടുകൾ നമ്മുടെ വീടുകളിലുമൊരുക്കിവയ്ക്കുവാൻ നാം നിർബന്ധിതരാവുന്നത്. പക്ഷേ ഒരാൾക്ക് പിറക്കാനും, ഏറെ ഓടിത്തളർന്നവന് ഒടുവിൽ വസിക്കാനും ഒരു പുൽത്തൊഴുത്തിന്റെയത്രപോലും ഇടമൊന്നും ഈ മണ്ണിലാവശ്യമല്ലെന്ന് പുൽക്കൂട് പണിയുമ്പോൾ നാം ഓർമ്മിക്കേണ്ടതുണ്ട്. ഈ ഓർമ്മ പോലും നഷ്ടപ്പെടുന്ന തിരക്കിട്ട ദിനവൃത്താന്തങ്ങളുടെ വിളവെടുപ്പ്

ഒക്കെക്കഴിഞ്ഞ് ശാന്തമായിരുന്നൊന്ന് ധ്യാനിക്കാൻ ആവണം ഈ പിറവിത്തിരുന്നാളിൽ! അപ്പോൾ ഒരുപക്ഷേ നമുക്ക് കൈമോശംവന്ന പുൽക്കുടിലിന്റെ നൈർമ്മല്യവും നിഷ്കളങ്കതയുമൊക്കെ കണ്ടെടുക്കുവാനാവും തീർച്ച!

തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചുവെന്നാണ് വി. യോഹന്നാൻ രേഖപ്പെടുത്തുന്നത് (യോഹ 3:16) ഈ പിറവി അവിചാരിതമൊന്നുമല്ല. ദൈവസ്നേഹത്തിന്റെ നിതാന്തമായ വെളിപ്പെടലാണത്. ഒന്നും നേടുവാനായിട്ടല്ല എല്ലാം നൽകുവാനായി ഈ ലോകത്തിലേയ്ക്ക് പിറവി കൊണ്ടവനാണ് ക്രിസ്തു! ദൈവം ലോകത്തോട് സംസാരിച്ച ഭാഷയാണ് ക്രിസ്തു. സ്വയം പകുത്തു നൽകുന്ന ദൈവസ്നേഹത്തിന്റെ പുതിയ ഭാഷ ലോകത്തിന് വെളിപ്പെട്ടത് ക്രിസ്തുവിലൂടെയാണ്. എക്കാലത്തേയും സമ്പത്തിന്റെയും, അധികാരത്തിന്റെയും, ആധിപത്യത്തിന്റെയും എല്ലാ ഘടനകളേയും നിശ്ശബ്ദമാക്കി പുൽക്കൂടു മുതൽ കുരിശുവരെയുള്ള ജീവിതം കൊണ്ട് വെളുപ്പെടുത്തിയ ഒരു പുതിയ ഭാഷ! ചുറ്റും നിന്ന് ഓശാന പാടിയവരേയും "ക്രൂശിക്ക" എന്നാർത്തുവിളിച്ചവരേയും, വഞ്ചനയുടെ ചുംബനത്താൽ ഒറ്റുകൊടുത്തവനേയും, ഭയത്താൽ ഓടിയൊളിച്ചവരെയും, ദൗർബല്യം കൊണ്ട് തള്ളിപ്പറഞ്ഞവനേയും കരുണകൊണ്ട് പൊതിയുന്ന സ്നേഹത്തിന്റെ പുതിയ ഭാഷ. നാം ദൈവത്തെ സ്നേഹിച്ചതല്ല അവൻ നമ്മെ സ്നേഹിച്ച് തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുവാൻ അയച്ചതുതന്നെ സാക്ഷാൽ സ്നേഹമാകുന്നു (1 യോഹ. 4:10). ഈ ദൈവസ്നേഹം വെളിപ്പെടുന്നത് ക്രിസ്തുവിലൂടെയാണെന്നുള്ളത് നമ്മുടെ ജീവിത പരിസരങ്ങളെക്കൂടി ഈ പിറവിത്തിരുന്നാളിൽ പ്രകാശിപ്പിക്കേണ്ടതുണ്ട്.

ഉലഞ്ഞുപോയ് എന്റെ കുടുംബബന്ധങ്ങൾ അയൽക്കാരനു മുമ്പിൽ ഞാൻ കൊട്ടിയടച്ച വാതിലുകൾക്കു മുമ്പിൽ.. അങ്ങനെ ഈ പിറവി എന്നെ ഒരു പുതിയ തുടക്കത്തിനു നിർബന്ധിക്കുന്നില്ലേ? അവനുവേണ്ടി മുറിയപ്പെടാനായില്ലെങ്കിലും ആർദ്രതയോടെ മിഴിനീരൊപ്പാനെങ്കിലും ഈ പിറവിയെന്നെയോർമ്മപ്പെടുത്തുന്നില്ലേ? നമ്മുടെയൊക്കെ സ്വസ്ഥത കൊണ്ടോ, ജീവിതത്തോടുള്ള വ്യഗ്രത കൊണ്ടോ അതെന്തുമാകട്ടെ, മനസ്സിന്റെ വെളിമ്പറമ്പുകളിൽ നാം തളച്ചിട്ട നിരാലംബന്റെ നിലവിളി ഈ പിറവിതിരുനാളിലെങ്കിലും എന്നെ പൊള്ളിക്കുന്നില്ലെങ്കിൽ തിരിച്ചറിയുക നാം ഈ നിധി തേടി നടക്കുന്നത് മേൽമണ്ണിൽ തന്നെയാണ്. ദൈവമേ, ആഘോഷങ്ങളുടെ ആരവങ്ങൾ നിറയുന്ന നക്ഷത്രവിളക്കുകളിലും, പുൽക്കൂടുകളിലും, സമൃദ്ധിയുടെ വിരുന്നുമേശകളിലും എനിയ്ക്ക് പിറവിത്തിരുന്നാൾ ഒരു നിധി നൽകുമോ, ഉള്ളിലെന്നും തെളിഞ്ഞുകത്തുന്ന ഒരു നിധി! ഈ നിധിക്കായി പ്രാർത്ഥിക്കാം.

☐

*(2-ാം പേജിൽ നിന്ന് തുടർച്ച)*

പൊത്തിക്കൊള്ളാൻ നിർദ്ദേശിക്കുന്ന പോലെയല്ലേ ഇത്? 'എന്റെ മനസ്സിന്/ആലോചനകൾക്ക് കാവൽക്കാരെ നിയമിക്കണമെ' എന്ന് മാറ്റി ഈ പ്രാർത്ഥനാ ഭാഗം എളുപ്പം ശരിപ്പെടുത്താവുന്നതാണ്.

വി. കുർബ്ബാനയുടെ ആരംഭ ഭാഗത്ത് ശുശ്രൂഷക്കാരൻ ജനത്തിന് ഇപ്രകാരം നിർദ്ദേശം നൽകുന്നു. "ബാറക്മോർ, ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട്, നാമെല്ലാവരും നല്ലവണ്ണം നിന്ന് ഈ ബഹു. പട്ടക്കാരന്റെ പ്രാർത്ഥന ഏറ്റുചൊല്ലണം" തുടർന്ന് പട്ടക്കാരൻ ചൊല്ലിത്തരുന്നത് ഒരു പ്രാർത്ഥനയല്ല; സഭയുടെ വിശ്വാസപ്രമാണമാണ്. ഇവിടെ 'പട്ടക്കാരന്റെ പ്രാർത്ഥന' എന്നതിനുപകരം 'സഭയുടെ വിശ്വാസപ്രമാണം' എന്നു തിരുത്തേണ്ടതല്ലേ?

തെറ്റുതിരുത്താൻ നാമൊക്കെ മടിയരാണ്. ഒരു കാര്യം തെറ്റാണെന്ന് മനസ്സിലായാൽ പോലും ശരിപ്പെടുത്താൻ നമുക്ക് വിമുഖതയാണ്. അത് ഉടനെ തിരുത്തുന്നതല്ലേ ശരിയും മാന്യതയും? അല്ലാതെ തെറ്റ് തുച്ഛീകരിച്ച്, ന്യായീകരണം തേടുന്നത് അന്തസ്സാണോ? നമ്മുടെ പ്രാർത്ഥനകൾ അർത്ഥം ഗ്രഹിച്ചും മന:സാന്നിധ്യത്തോടെയും ചൊല്ലാൻ ശ്രദ്ധിക്കണം. അതു തെറ്റുകൾ കണ്ടെത്തുവാനും തിരുത്തുവാനും സഹായകമാകും. അല്ലാത്ത പ്രാർത്ഥനകൾ വെറും ജല്പനങ്ങളായി അന്തരീക്ഷത്തിൽ അലിഞ്ഞുതീരുകയേയുള്ളു. തിരുത്താനുള്ള സന്മനസ് മനുഷ്യന്റെ മാന്യതയെയും വിവേകത്തെയുമാണ് വെളിപ്പെടുത്തുന്നത്.

## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

## ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക് – 100 രൂ.

ആയുഷ്ക്കാലം – 1000 രൂ.

വിദേശത്ത് – 6000 രൂ. (100 ഡോളർ)

ലേഖനം

# നന്മയാൽ തിന്മയെ ജയിക്കുക

മത്തായി 5:38-48

ഫാ. ഡോ. രാജൻ ജോർജ്

"ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവു സത്ഗുണസമ്പൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സത്ഗുണസമ്പൂർണ്ണരാകുവിൻ" "You must be perfect-Just as Your Father in heaven is perfect."

'ജീവിതചിന്തകൾ' എന്ന പുസ്തകത്തിൽ കെ.പി. കേശവമേനോൻ പറയുന്നു. രണ്ടു ആത്മമിത്രങ്ങൾ ദിവസേന രാവിലെ നടക്കാൻ പോകും. ഒരുവൻ ഒരു കടയിൽ നിന്ന് എന്നും പത്രം വാങ്ങിക്കും. സ്നേഹപൂർവ്വം സുഖമല്ലേ എന്നു കടക്കാരനോടു ചോദിക്കും. പക്ഷേ കടക്കാരൻ പരുഷമായി ഒന്നു മൂളുക മാത്രം ചെയ്യും. ഒരിക്കൽ മറ്റേ സുഹൃത്ത് പറഞ്ഞു, "ഞാനാണെങ്കിൽ പിന്നെ ഒരിക്കലും അവിടെ നിന്ന് പത്രം വാങ്ങിക്കില്ല." അപ്പോൾ ഈ മനുഷ്യൻ പറഞ്ഞു. കടക്കാരൻ അപമര്യാദയായി പെരുമാറുന്നു എന്നത് സത്യം തന്നെ. എന്നാൽ തന്റെ പെരുമാറ്റവും അയാളുടേതുപോലെ ആയാൽ ഞാനും അയാളും തമ്മിൽ എന്തുവ്യത്യാസമാണുള്ളത്? ഇതുതന്നെയാണ് കർത്താവ് തന്റെ ശിഷ്യരോട് ചോദിക്കുന്നത്. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്കെന്തു സവിശേഷതയുണ്ട്? ചുങ്കക്കാരും അങ്ങനെതന്നെ ചെയ്യുന്നില്ലയോ? (വാ.46)

പർവ്വതപ്രസംഗം (Sermon on the mount) എന്നറിയപ്പെടുന്ന പ്രശസ്തവും പ്രസക്തവുമായ ഭാഗമാണ് വി. മത്തായിയുടെ സുവിശേഷം 5 മുതൽ 7 വരെയുള്ള അദ്ധ്യായങ്ങൾ. വി. ലൂക്കോസിന്റെ സുവിശേഷം 6-ാം അദ്ധ്യായത്തിലും ഇതിനു തുല്യമായി രേഖപ്പെടുത്തിയിരിക്കുന്നു. ദൈവരാജ്യത്തിനുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്ന ശിഷ്യഗണങ്ങൾക്ക് കർത്താവ് കൊടുക്കുന്ന പ്രത്യേക ഉപദേശമാണ് ഈ വേദഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത്. തെറ്റിനു തക്ക ശിക്ഷ ഉണ്ടായിരിക്കണമെന്ന പുരാതന മാനദണ്ഡം അനുസരിച്ചാണ് ന്യായപ്രമാണം എഴുതിയിരിക്കുന്നത്. മോശെയുടെ കാലഘട്ടത്തിനു വളരെ നാൾ മുമ്പ് നിലവിലുണ്ടായിരുന്ന നിയമാവലിയുടെ ഉപജ്ഞാതാവായിരുന്ന ഹമ്മുറാബിയുടെ നിയമങ്ങളുടെ മാനദണ്ഡം തെറ്റിന് അതനുസരിച്ചുള്ള ശിക്ഷ എന്നതായിരുന്നു. ഇത് അല്പം കൂടുതൽ ആണെന്നുകണ്ട മോശെ കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന പ്രതികാര നിയമത്തെ മയപ്പെടുത്തി (പുറ. 21:24, ലേവ്യ. 24:20).

എന്നാൽ കർത്താവ് ഈ നിയമങ്ങളെ പരിപൂർണമായി തിരുത്തി. നന്മയാൽ തിന്മയെ ജയിക്കണം എന്നു കർത്താവ് പഠിപ്പിച്ചു. നിന്നെ വലത്തെ ചെകിടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ചു കാണിക്കുക (വാ. 39). തിരിച്ചു തല്ലരുത് എന്നു സൂചന. ഒരാളുടെ വലതു കരണത്ത് അടിക്കണമെങ്കിൽ പുറംകൈകൊണ്ട് അടിക്കണം. പുറംകൈകൊണ്ട് അടിക്കുന്നത് അപമാനം കൂടിയാണ്. അതുകൊണ്ട് ഒരുവൻ നിന്നെ അപമാനിച്ചാലും തിരിച്ച് ആക്ഷേപിക്കരുത്.

വീണ്ടും കർത്താവ് ശിഷ്യരോടു പറയുന്നു; "നിന്നോടു വ്യവഹരിച്ച് നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവനു നിന്റെ പുതപ്പും വിട്ടുകൊടുക്കുക" (വാക്യം. 40). നിന്നോടു തിന്മ ചെയ്യുന്നവനു നന്മ ചെയ്യുക എന്നർത്ഥം. ശരിയും തെറ്റും തിരിച്ചറിയവാനുള്ള കഴിവാണ് ദൈവം മനുഷ്യന് നൽകിയിരിക്കുന്ന പ്രത്യേകത. മനുഷ്യനെയും മൃഗങ്ങളെയും വേർതിരിക്കുന്നത് ഈ തിരിച്ചറിവാണ്. എന്നാൽ ഇന്നത്തെ സമൂഹത്തിലേക്ക് ശ്രദ്ധിച്ചാൽ മൃഗങ്ങൾക്ക് മനുഷ്യരേക്കാൾ തിരിച്ചറിവുണ്ടെന്ന് തോന്നിപ്പോകും. മറ്റുള്ളവർക്ക് നന്മ ചെയ്യുന്നില്ലെന്നു മാത്രമല്ല, മറിച്ച് വിവാദങ്ങൾ സൃഷ്ടിച്ച് മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്നു എന്നതാണ് വാസ്തവം. വാസ്തവ വിരുദ്ധമായ അപവാദങ്ങൾ പരത്തി മറ്റുള്ളവരുടെ ദുഃഖം കണ്ട് സന്തോഷിക്കുന്നതിൽ സുഖം അനുഭവിക്കുന്ന ഒരു കൂട്ടർ. സാമൂഹിക മാധ്യമങ്ങൾ (Social Media) കാര്യങ്ങൾ നടപ്പിലാക്കുവാൻ വളരെ സഹായകവും ആകുന്നു. ശരിയും തെറ്റും തിരിച്ചറിയാൻ സാധിക്കാതെ കക്ഷിരാഷ്ട്രീയത്തിന്റെ ബലിയാടുകളായിത്തീരുന്ന നിരവധി നിരപരാധികൾ ഇന്നത്തെ സമൂഹത്തിന്റെ പ്രത്യേകതയാണ്.

"ഒരുവൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബന്ധിച്ചാൽ രണ്ടുനാഴിക അവനോടുകൂടെ പോവുക" (വാ. 41). റോമൻ പടയാളികൾ വഴിയാത്രക്കാരെ നിർബന്ധിച്ച് ചില ജോലികൾ ഏല്പിക്കുമായിരുന്നു. യേശുവിന്റെ കുരിശു ചുമക്കാൻ വഴിയാത്രക്കാരനായ കുറേനാക്കാരൻ ശെമയോനെ

നിർബന്ധിച്ചതുപോലെ. അങ്ങനെ നിർബന്ധിച്ചാൽ കൂടുതൽ ജോലി ചെയ്തു കൊടുത്ത് ദുഷ്ടനെ നാണം കെടുത്തുക. അങ്ങനെ ചെയ്യുമ്പോൾ ശത്രുവിന്റെ തലയിൽ തീക്കനൽ കോരിയിടുകയായിരിക്കും നീ ചെയ്യുന്നത് എന്ന് കർത്താവ് സൂചിപ്പിക്കുന്നു. അവകാശങ്ങൾക്കതീതമായി പ്രവർത്തിക്കുവാനുള്ള വെല്ലുവിളിയാണത്. സഹായത്തിന്റെയും, ഔദാര്യത്തിന്റെയും മനോഭാവമാണ് ക്രിസ്തു നമ്മളിൽ നിന്നും ആവശ്യപ്പെടുന്നത്. യേശുവിന്റെ നിയമങ്ങൾ പഴയ നിയമത്തേക്കാൾ വ്യാപ്തിയുള്ളവയാണ്. അവ മാനുഷിക വീക്ഷണത്തിൽ അസാധ്യങ്ങളെന്നു തോന്നാം. എന്നാൽ അവിടെ മൗലികമായ ഒരു നിയമമുള്ളത് സ്നേഹമാണ്. ക്രിസ്തുവിലുള്ള പുതുമനുഷ്യൻ സ്നേഹത്താൽ നിറയപ്പെടുമ്പോൾ അവന്റെ ധാർമ്മികതയും ഉന്നതനിലവാരം പുലർത്തുന്നതാകും.

ഗിരിപ്രഭാഷണത്തിലെ മൗലികവും പ്രസിദ്ധവുമായ ഭാഗമാണ് 43 മുതൽ 48 വരെയുള്ള വാക്യങ്ങൾ. ധാർമ്മികതയുടെ ഉദാത്തമായ ചിത്രീകരണമായി ഇത് അറിയപ്പെടുന്നു. കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കണം എന്ന കല്പനയുണ്ട് (ലേവ്യ. 19:18). എന്നാൽ യേശുവിന്റെ ശിഷ്യഗണം അത് മാത്രമല്ല, ശത്രുക്കളെ ക്കൂടി സ്നേഹിക്കണമെന്നാണ്. മനുഷ്യസ്വഭാവത്തെ ആധാരമാക്കിയല്ല ഈ കല്പന. ദൈവസ്വഭാവത്തെ അടിസ്ഥാനമാക്കിയാണ്. മനുഷ്യസ്വഭാവം ഇങ്ങോട്ടു സ്നേഹിക്കുന്നവരെ അങ്ങോട്ടു സ്നേഹിക്കുക എന്നതാണ്. എന്നാൽ ദൈവസ്വഭാവം വ്യത്യസ്തവും ദൈവസ്നേഹം വ്യവസ്ഥാരഹിതവുമാണ്. ദൈവം ദുഷ്ടന്റെ മേലും ശിഷ്ടന്റെ മേലും സൂര്യനെ ഉദിപ്പിക്കുകയും മഴ പെയ്യിക്കുകയും ചെയ്യുന്നു. പഴയ നിയമത്തിൽ ഈയോബ് പറയുന്നു, എന്റെ വൈരിയുടെ നാശത്തിങ്കൽ ഞാൻ സന്തോഷിക്കുകയോ അവന്റെ അനർത്ഥത്തിൽ ഞാൻ നിഗളിക്കുകയോ ചെയ്തുവെങ്കിൽ-അവന്റെ പ്രാണനാശം ഇച്ഛിച്ചു ഞാൻ ശാപം ചൊല്ലി പാപം ചെയ്യാൻ എന്റെ വായെ ഒരിക്കലും സമ്മതിച്ചിട്ടില്ല (ഇയോ. 31:29-30). ഇയോബ് വൈരിയുടെ നാശത്തിൽ സന്തോഷിക്കുന്നവനല്ല.

ദാവീദ് രാജാവിനെ ശത്രുവായി കണ്ട് വേട്ടയാടി നശിപ്പിക്കുവാൻ ശൗൽ മൂവായിരം പേരെ കൂട്ടിക്കൊണ്ട് ദാവീദിനെയും അവന്റെ ആളുകളെയും തിരയുന്ന സംഭവം 1. ശമു. 24-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. അവിടെ ദാവീദിന് ശൗലിനെ ഇല്ലായ്മ ചെയ്യാമായിരുന്നു. എന്നാൽ ദാവീദ് ശൗലിനോടുള്ള സ്നേഹത്തിനു കുറവു വരുത്തുന്നില്ല. ഇങ്ങനെ ദാവീദ് തന്റെ ആളുകളെ ശാസിച്ച് അമർത്തി, ശൗലിനെ ദ്രോഹിപ്പാൻ അവരെ അനുവദിച്ചതുമില്ല (വാ. 7).

കുരിശിലെ കള്ളന് മോചനം നൽകിയതുപോലെയും വ്യഭിചാരിണിയെ വിടുവിച്ചതുപോലെയും യേശുകർത്താവ് നമ്മോടു ക്ഷമിക്കുന്നു, നമ്മെ സ്നേഹിക്കുന്നു. എന്നാൽ നാമോ ദൈവമേ പിടിച്ചുപറിക്കാർ, നീതികെട്ടവർ മുതലായ ശേഷം മനുഷ്യരെപ്പോലെയോ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു എന്ന പരീശമനോഭാവത്തിന്റെ ഉടമകളായി ജീവിക്കുന്നു. എന്നാൽ ഈ മനോഭാവത്തെ മാറ്റി യേശുവിന്റെ സ്നേഹം നമ്മിൽ വളർത്തിയെടുക്കുമ്പോഴാണ് ശത്രുക്കളെ സ്വന്തസ്നേഹിതരായി പരിഗണിക്കുവാൻ ആവശ്യമായ മനസ്സ് നമുക്ക് ലഭിക്കുന്നത്. അതുകൊണ്ട് ദുഷ്ടതയെ തോല്പിച്ച് ദുഷ്ടനെ നശിപ്പിക്കാത്ത ക്രിസ്തുസ്നേഹം നമ്മിൽ വളർത്തണം. ഇടത്തേ ചെകിട്ടത്ത് അടിക്കുമ്പോൾ വലതു ചെകിട് കാണിച്ചുകൊടുക്കുന്ന സ്നേഹം. ഉപദ്രവിക്കുന്നവരെ കൈക്കൊള്ളുന്ന ക്രിസ്തുസ്നേഹം. ഈ സ്നേഹത്തിന്റെ വക്താക്കൾ ആകുവാൻ ക്രിസ്തു നമ്മളെ അവന്റെ ശിഷ്യന്മാരായി വിളിച്ചിരിക്കുന്നു.

'The man who kissed the killer' എന്ന പുസ്തകത്തിൽ അഗസ്റ്റിന്റെ വാക്കുകൾ ശ്രദ്ധിക്കുക.

I love like the flower
That gives its frangrance
To the Tempest
That tears it down

തന്നെ തട്ടി താഴെയിടുന്ന കൊടുങ്കാറ്റിന് തന്റെ നറുമണം പകരുന്ന പൂവിനെപ്പോലെ ഞാൻ സ്നേഹിക്കുന്നു. ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവും സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ പൂർണ്ണരാകുവിൻ.


**ഗിലയാദ് മരിയൻ ഓർഫനേജ് & റീട്രീറ്റ് സെന്റർ**

**വടകര, കൂത്താട്ടുകുളം, Ph: 9961636342, 9446450231**

| | |
|---|---|
| വി. കുർബ്ബാനാനുഭവ ധ്യാനം | : ശനി 8 a.m. to 12.30 p.m. |
| മദ്ധ്യസ്ഥപ്രാർത്ഥന | : ബുധൻ, വെള്ളി ദിവസങ്ങളിൽ 9 a.m. to 1.00 p.m. |
| ഞായർ വി. കുർബ്ബാന | : 6.30, a.m. to 8.30 a.m. |

വയോഭവനിൽ സൗജന്യമായും അല്ലാതെയും താമസസൗകര്യം ലഭ്യമാണ്.

ലേഖനം

# തങ്കപ്പെട്ട അമ്മമാർ ബൈബിളിൽ

ഫാ. അഗസ്റ്റിൻ നടുവിലേക്കൂറ്റ്

**പെ**ണ്ണമ്മ, പൊന്നമ്മ, തങ്കമ്മ, വത്സമ്മ, കുട്ടിയമ്മ, എന്നെല്ലാം പേരുകളുണ്ട്. പൊന്നുമേത്തരം. ഇന്നതിനു വലിയ വിലയും. സ്നേഹം കൊണ്ട് പൊതിയപ്പെട്ടവരാണ് ഇവരെല്ലാം. അവർ അമ്മയാകുമ്പോൾ സ്നേഹത്തിന്റെ നിറകുടമായി മാറുന്നു; മാറ്റപ്പെടുന്നു.

ബൈബിൾ അമ്മമാരെ ആദരിക്കുന്നു; അഭിനന്ദിക്കുന്നു, അനുമോദിക്കുന്നു. സ്ത്രീ-ശ്രീമതിയാണ്. സ്ത്രീയുടെ മതിപ്പ് മഹത്തരമാണ്. സ്ത്രീ ഒരു ശക്തിയാണ്, ശക്തയാണ്. ലോകത്തെ അവൾ മെരുക്കുന്നു. പുണ്യപ്പെട്ടവളാണ്.

ചെങ്കടൽ കടന്നുകയറിയ ജനത്തെ, ഒരുക്കി നിർത്തി മെരുക്കിയെടുത്തു ദൈവത്തെ പുകഴ്ത്തുവാൻ പഠിപ്പിച്ചത് സ്ത്രീയാണ്. പ്രാർത്ഥനയ്ക്കു പിന്നിൽ മഹാശക്തിയായി നിന്നതു മീഡിയമാണ്, മറിയം (ഉല്പ. 15:21). ഗാനമാലപിച്ചു മുമ്പിലെത്തി. തംബുരു കൊട്ടിയവർ നൃത്തമാടി. സകല സ്ത്രീകളും അവളെ അനുഗമിച്ചു.

റൂത്ത്, ദൈവത്തിനു പരമ പ്രാധാന്യം നല്കി. ദാവീദിന്റെ മുന്നോടിയായി (റൂത്ത് 1:16). അമ്മയെ വേർപിരിയാൻ എന്നെ അനുവദിക്കരുത്, നിർബന്ധിക്കരുത്. അമ്മ പോകുന്നിടത്ത് ഞാനും വരും. അമ്മ വസിക്കുന്നിടത്തു ഞാനും വസിക്കും. അമ്മയുടെ ജനം എന്റെ ജനം, അമ്മയുടെ ദൈവം എന്റെയും ദൈവം. നൊവൊമി അവളെ അനുഗമിച്ചു (റൂത്ത് 4:17).

ന്യായാധിപൻ 5-ാം അദ്ധ്യായത്തിൽ ദെബോറ യിസ്രായേലിന്റെ ന്യായാധിപയാകുന്നു; മാതാവാകുന്നു. സ്വന്തപ്രാർത്ഥനയുടെ ഫലമായ കുഞ്ഞിനെ ദൈവത്തിന് പൂർണ്ണമായി സമർപ്പിച്ചവളാണ് ഹന്ന എന്ന സ്ത്രീ (1 സാമു. 1:28). തകർന്ന ജനത്തെ ഉദ്ധരിക്കുവാൻ സ്വന്തം ജീവൻ അപകടത്തിലാക്കി മുന്നിൽ എത്തിയവളാണ് എസ്തേർ. ഏലിശാ പ്രവാചകനെ സീദോനിലെ സറേഫാത്തിൽ ദൈവനിശ്ചയ പ്രകാരം തീറ്റിപ്പോറ്റിയത് സാധുവായ ഒരു വിധവയാണ് (1രാജാ. 17:9-16). നാമാന്റെ കുഷ്ഠരോഗം ഭേദമാക്കുവാൻ ദൈവമനുഷ്യനായ ഏലീശാ പ്രവാചകന്റെ പക്കലേയ്ക്ക് പോകുവാൻ നിർദ്ദേശിച്ചത്, താൻ പിടിച്ചുകൊണ്ടുപോയി അടിമപ്പണിക്ക് വിധേയയാക്കിയ ഒരു ബാലികയെയാണ്. അവൾ നാമാന്റെ ഭാര്യവഴി നിർദ്ദേശം വച്ചു (2 രാജാ. 5:2-4).

ഇങ്ങനെ നൂറുനൂറു സ്ത്രീകൾ, അമ്മമാർ, ബൈബിളിൽ നിരന്നുവരുന്നു. ദരിദ്രയായ വിധവയെ ക്രിസ്തു ഉയർത്തിക്കാട്ടുന്നു (മർക്കോ. 12:43). വിധവയുടെ ചില്ലിക്കാശിന്റെ മേന്മ.

ഏറ്റം ഉപരി ധന്യയായ മറ്റൊരു സ്ത്രീ, അവരാണ് യേശുവിന്റെ അമ്മ. പുതിയ നിയമത്തിലെ ശ്രേഷ്ഠ സൃഷ്ടി. കാൽവരി കുരിശിന്റെ ചുവട്ടടിയിൽ വച്ച് അവളെ നമുക്ക് തന്നു. നമ്മുടെയും അമ്മയാക്കി. ബദനിയായയിലെ കുഷ്ഠരോഗി ശിമയോന്റെ വീട്ടിൽ വച്ച് വിലപിടിച്ച നാർദ്ദീൻ സുഗന്ധതൈലം കൊണ്ടുതന്നെ പൂശിയത് ഒരു സ്ത്രീയാണ് (മർക്കോ.14:3). മർത്ത ഭക്ഷണം ഒരുക്കി, മേരി പാദാന്തകത്തിൽ ഇരുന്ന് ശ്രവിച്ചു (ലൂക്കോ. 10:38-42). ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഉയർത്തെഴുന്നേറ്റ ക്രിസ്തു, ആദ്യം പ്രത്യക്ഷനായത് മഗ്ദലനക്കാരി മറിയമിനാണ് (മർക്കോ. 16:19). മാസിഡോണിയായിലെ ആദ്യമാന സാന്തരം ലിഡിയ എന്ന സ്ത്രീയും കുടുംബവുമാണ് (Act 16:14). സത്പ്രവൃത്തികളും ദാനധർമ്മങ്ങളും ധാരാളമായി ചെയ്തിരുന്ന തബീഥാ എന്ന സ്ത്രീ, യോപ്പായിൽ വസിച്ചിരുന്നു. രോഗം ബാധിച്ച് അവൾ മരിച്ചു. പത്രോസ് അവിടെയെത്തി. മുട്ടുകുത്തി പ്രാർത്ഥിച്ച് അവളെ ഉയിർപ്പിച്ചു (നടപടി. 9:36). സത്പ്രവൃത്തികളും ദാനധർമ്മങ്ങളും ധാരാളം ചെയ്തിരുന്നവളാണ് അവർ എന്നതാണ് പ്രത്യേകത.

റോമാക്കാർക്ക് എഴുതിയ ലേഖനം 16:4-ൽ പ്രസ്ക്കയ്ക്കും, അക്വിലാസിനും വന്ദനം പറയുന്നു. അത്രമേൽ സഭയെ സ്നേഹിച്ചിരുന്നവരാണവർ. നിന്റെ മുത്തശ്ശിയായ ലോയീസിനും, നിന്റെ അമ്മ യൂനിയാക്കിനും ഉള്ള ആത്മാർത്ഥ വിശ്വാസം നിനക്കും ഉണ്ട് എന്ന് പൗലോസ് തിമോത്തിയോസിന് എഴുതുന്നു (2. തിമോ. 1:15). കർത്താവിൽ പ്രയത്നിക്കുന്ന ത്രൂഫാനോയ്ക്കും ത്രൂഫോസെയ്ക്കും ആശംസ (റോമ. 16:12). ഇങ്ങനെ നീണ്ടുപോകുന്നു ബൈബിൾ ലിസ്റ്റ്. അമ്മയാകുന്നതു വഴി കഴിവുകൾ നശിക്കുന്നില്ല, വളരുകയാണ്. കുടുംബത്ത് കുട്ടികളെ നോക്കിയിരിക്കുക മാത്രമല്ല, സമൂഹത്തിൽ നന്മ വിതയ്ക്കുന്നവൾ, നൂതനാദ്ധ്യായങ്ങൾ തുറക്കുന്നു. പുരുഷന്റെ കഴിവുകൾ തകർക്കുന്നില്ല. നവംനവങ്ങളായ തുറയിലേക്ക് അവനെ നയിക്കുന്നു. പുതിയ ഉത്തരവദിത്തങ്ങൾ ഏറ്റെടുക്കുന്നു, പങ്കിടുന്നു. കഴിവുകൾക്ക് അംഗീകാരം നൽകുന്നു. മെച്ചപ്പെടുത്തുന്നു. അതാണ് അമ്മ, അമ്മയുടെ ശക്തി.

RNI No. KERMAL/2012/46014 | Date of Publication 15-9-2018 | Licence No. KL/CR/ALU/WPP-04/2016-18
Registered. Reg. No. KL/ALY/0067/2016-2018 | Price Rs. 10/- | Licensed to Post Without Pre-payment

KANDANAD DIOCESAN BULLETIN

നല്ലൊരു ഭാര്യയെ ആർക്കു കണ്ടെത്താം? അവൾക്കു രത്നങ്ങളേക്കാൾ ഏറെ മൂല്യമുണ്ട്. അവൾ അർപ്പിതയാണ്. ഭർത്താവിന്റെ ഹൃദയം അവൾ കവർന്നെടുക്കുന്നു. കഠിനാധ്വാനിയാണവൾ. അവളുടെ വിളക്ക് രാത്രിയിൽ അണയുന്നില്ല. ഭക്തിയും അന്തസ്സുമാണ് അവളുടെ പുടവ. പാവങ്ങളുടെ നേരെ അവളുടെ കൈ നീളുന്നു. അറിവിന്റെ പാഠം അവളുടെ നാവിലുണ്ട്. വിജ്ഞാനത്തോടെ അവൾ വായ് തുറക്കുന്നു. നേരം പുലരും മുമ്പേ അമ്മ ഉണരും. കുടുംബത്തിനുവേണ്ടി വിറകു കത്തിക്കും. വെള്ളം തിളപ്പിക്കും. ആഹാരം പാചകം ചെയ്യും. അതോടൊപ്പം അണിഞ്ഞൊരുങ്ങും. ക്രമമുണ്ട്, ചിട്ടയുണ്ട്. കുഞ്ഞുങ്ങൾക്കു മാതൃകയാണവൾ. ഭാര്യയെ സ്നേഹിക്കുന്നവൻ സ്വയം സമർപ്പിക്കുവാൻ പഠിക്കുന്നു. അതാണ് ഭർത്താവിന്റെ വൻ കടമ എന്നു പൗലോസ് അപ്പോസ്തലൻ പറയുന്നു (എഫേ. 5:25). ഒരപ്പന് മക്കളോടു ചെയ്യാവുന്ന ഏറ്റവും വലിയ കടമ, അവരുടെ അമ്മയെ സ്നേഹിക്കുക എന്നതാണ്. അമ്മേ നന്ദി.

"Gentle women peaceful dove
Teach us wisdom, teach us love"

## പാലക്കുഴ പള്ളി വിധിനടത്തിപ്പ് പൂർണ്ണം

പാലക്കുഴ സെന്റ്ജോൺസ് പള്ളിയും സ്ഥാപനങ്ങളും 1934-ലെ ഓർത്തഡോക്സ് സഭാഭരണഘടന അനുസരിച്ച് ഭരിക്കപ്പെടണം എന്ന് ബഹു. കേരളാ ഹൈക്കോടതി വിധിച്ചു. ഈ പള്ളി സംബന്ധിച്ച എറണാകുളം ജില്ലാകോടതിവിധി ശരിവച്ചുകൊണ്ടാണ് ഹൈക്കോടതിയുടെ ഇപ്പോഴത്തെ വിധി. ഈ വിധിത്തീർപ്പിൽ യാക്കോബായ സഭാവൈദീകർക്കും മറ്റുസ്ഥാനികൾക്കും പള്ളിയിലോ പള്ളിവക സ്ഥാപനങ്ങളിലോ പ്രവേശിക്കുന്നതിൽ നിന്ന് കോടതി ശാശ്വതമായി നിരോധിച്ചിരിക്കുകയാണ്. പള്ളിയുടെ ആത്മീയവും ഭരണപരവുമായ അവകാശം 1934-ലെ മലങ്കര ഓർത്തഡോക്സ് സഭാഭരണഘടന പ്രകാരം ഭരണനിർവ്വഹണം നടത്തുന്ന കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്തായ്ക്കും അദ്ദേഹത്താൽ നിയമിതനായ വികാരി പതപ്പിള്ളിൽ ഫാ. ഷിബു കുര്യനും പള്ളിഭരണസമിതിക്കും ആണ് എന്നാണ് കോടതി വിധിച്ചിരിക്കുന്നത്. ഈ കോടതിവിധിയോടെ കണ്ടനാട് ഭദ്രാസനത്തിലെ പുരാതനദേവാലയങ്ങളിൽ ഒന്നായ പാലക്കുഴപ്പള്ളിയുടെ പതിറ്റാണ്ടുകൾ നീണ്ട നിയമപോരാട്ടത്തിനാണ് അന്ത്യം ആയിരിക്കുന്നത്. ഒന്നിടവിട്ട ആഴ്ചകളിൽ യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ ആരാധന നടത്തിവന്ന ഈ ദേവാലയത്തിലെ ഈയൊരു ക്രമീകരണത്തിന് സെപ്റ്റംബർ 9-ാം തീയതി ഞായറാഴ്ചയോടെ അവസാനമായി. വിധി വന്നതിനുശേഷം വന്ന ആദ്യഞായറാഴ്ച പള്ളിവികാരി ഫാ. ഷിബു കുര്യൻ വി. കുർബ്ബാന അർപ്പിച്ചു. വി. കുർബ്ബാനയ്ക്കുശേഷം നടന്ന പ്രസംഗത്തിൽ ഇടവകയെ സംബന്ധിച്ചുണ്ടായ ഈ കോടതിവിധി സഭയുടെ സമാധാനത്തിനും ഇടവകയുടെ ഐക്യത്തിനും കാരണമാകണമെന്നും സഭയുടെ ഭരണഘടനയുടെ കീഴിൽ വ്യവസ്ഥാപിത ഭരണത്തിലേക്ക് എല്ലാ ഇടവകജനങ്ങളും കക്ഷിവ്യത്യാസങ്ങൾ മറന്ന് ഒന്നിച്ചുവരണമെന്നും ബഹു. അച്ചൻ ആഹ്വാനം ചെയ്തു. അങ്ങനെ സംഭവിക്കുന്നപക്ഷം പാലക്കുഴ ഇടവക സഭയ്ക്ക് മൊത്തമായി നല്ല മാതൃക കാണിക്കുകയായിരിക്കും ചെയ്യുക എന്നും ബഹു. അച്ചൻ അനുസ്മരിച്ചു.

## മണ്ണത്തൂർ പള്ളി താക്കോൽ വികാരിക്ക് കൈമാറണം: ഹൈക്കോടതി

2017 ജൂലൈ 3-ലെ സുപ്രീംകോടതിവിധിയിലൂടെ തീർപ്പു കല്പിച്ച മണ്ണത്തൂർ സെന്റ് ജോൺസ് വലിയപള്ളിയുടെ താക്കോൽ പള്ളിവികാരി ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളത്തിന് കൈമാറണമെന്ന് കേരളാ ഹൈക്കോടതി വിധിച്ചു. സുപ്രീംകോടതിവിധിക്കുശേഷം എറണാകുളം I അഡീഷണൽ ജില്ലാകോടതിയിൽ നിലവിലിരുന്ന പള്ളി സംബന്ധിച്ച വിധി നടത്തിപ്പ് ഹർജിയിലെ നടപടികൾ ആണ് അന്തിമമായി ബഹു. ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വന്നത്. ഏതാനും വർഷങ്ങളായി പള്ളി മൂവാറ്റുപുഴ ആർ.ഡി.ഒ. യുടെ പരിപൂർണ്ണ നിയന്ത്രണത്തിലായിരുന്നു. സുപ്രീംകോടതിവിധിക്കുശേഷം പള്ളിയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും താക്കോൽ പള്ളിവികാരിക്ക് കൈമാറണമെന്നു കാണിച്ച് കത്ത് കൊടുത്തിരുന്നുവെങ്കിലും അത് ലഭിച്ചിരുന്നില്ല. യാക്കോബായ വിഭാഗത്തിന്റെ എതിർവാദങ്ങളും ഗവൺമെന്റ് വാദങ്ങളും കേട്ടശേഷമാണ് ഹൈക്കോടതി അന്തിമമായി തീർപ്പുകല്പിച്ചിരിക്കുന്നത്. പള്ളിയിൽ ക്രമസമാധാന ലംഘനം ഉണ്ടാകാതെ നടപടികൾ എടുക്കണമെന്ന് പോലീസ് അധികാരികൾക്കും മൂവാറ്റുപുഴ ആർ.ഡി.ഒ.യ്ക്കും കോടതിവിധിയിൽ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha